പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

**(HOME AFFAIRS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013.............................ാം തീയതി സമർപ്പിച്ചത്

(Presented on ..............................., 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

ആഭ്യന്തരകാര്യങ്ങൾ

(HOME AFFAIRS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH 2013)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

712/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 39 |

# സബ്ജക്റ്റ് കമ്മിറ്റി XIV

## ആഭ്യന്തരകാര്യങ്ങൾ

(2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 1-4-2012 മുതൽ 31-3-2013 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1) ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട 2011-13 കാലയളവിലെ സമിതി 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. 25-4-2012, 4-5-2012, 8-5-2012 എന്നീ തീയതികളിലെ യോഗങ്ങൾ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ടും, 12-6-2012, 23-7-2012, 14-2-2013 എന്നീ തീയതികളിലെ യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി റഫർ ചെയ്യപ്പെട്ട വിവിധ ബില്ലുകൾ പരിഗണിക്കുന്നതിനും 4-7-2012, 15-11-2012, 17-1-2013 എന്നീ തീയതികളിലെ യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ എന്നിവയും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുന്നതിനുമായാണ് ചേർന്നത്. 6-9-2012 ന് ചേർന്ന യോഗം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ചാണ് ചേർന്നത്. സമിതിയോഗങ്ങളിലെ ശരാശരി ഹാജർനില 50% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സിമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെയും വിവരങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അതിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികളും ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൽ ഗവൺമെന്റിൽ നിന്നും വൈകി ലഭ്യമാക്കിയിട്ടുള്ള (ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച ശേഷം) മറുപടികളുടെയും, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ പ്രവർത്തന റിപ്പോർട്ടുകളുടെയും ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും

വിവരങ്ങളും ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്ത് സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ.-കൾ എന്നിവയുടെയും ചട്ടം 235എ അനുസരിച്ച് സമിതി യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2013 മേയ് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2013 മേയ് 6.

# റിപ്പോർട്ട്

## ഭാഗം 1

സമിതി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 25-4-2012, 4-5-2012, 8-5-2012 എന്നീ തീയതികളിൽ യോഗം ചേർന്നു.

ധനാഭ്യർത്ഥന II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന III — നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന IV — തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന XII — പോലീസ്

ധനാഭ്യർത്ഥന XIII — ജയിലുകൾ

ധനാഭ്യർത്ഥന XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന XXIII — വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന XXIV — തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന XXV — പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 8-5-2012-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ മാസം 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2012 ജൂലൈ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചു.

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

712/2013.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശിപാർശ കളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

(എ) **2001-02 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ശുപാർശ

2052-00-099-99—റവന്യൂ ബോർഡ്

ഈ ധനാഭ്യർത്ഥനയുടെ പരിശോധനാവേളയിൽ റവന്യൂ ബോർഡ് നിറുത്തലാക്കിയിട്ട് 3 വർഷമായെന്നും ആയതുകൊണ്ട് റവന്യൂ ബോർഡ് എന്ന മൈനർ ഹെഡ് തുടരുന്നത് ഉചിതമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ റവന്യൂ ബോർഡ് എന്നതിനുപകരം 'ദി കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ' എന്നു മാറ്റി മൈനർ ഹെഡ് ഭേദഗതി ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2006-07 സാമ്പത്തികവർഷം വരെ ധനാഭ്യർത്ഥന II-ലെ 2052-00-099-99 എന്ന ശീർഷകത്തിലാണ് ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഉൾപ്പെടുത്തിയിരുന്നത്. റവന്യൂ ബോർഡ് നിർത്തലാക്കിയതിനെ തുടർന്ന് ടി ശീർഷകം നിർത്തലാക്കുകയും 2007-2008 വർഷം മുതൽ ധനാഭ്യർത്ഥന VI-ൽ പുതുതായി ആരംഭിച്ച 2029-00-001-99 ലാന്റ് റവന്യൂ കമ്മീഷണറേറ്റ് എന്ന ശീർഷകത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2052-00-099-99—റവന്യൂ വകുപ്പ്

മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിനായി 1999-2000 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചതായും അതനുസരിച്ച് 30 ജീപ്പുകളും 20 കാറുകളും ഉൾപ്പെടെ 50 വാഹനങ്ങൾ വാങ്ങുന്നതിനായി 1.90 കോടി രൂപ വകകൊള്ളിക്കണമെന്ന് 2000-2001 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസൽ വഴിയും 2000-മാണ്ട് ജൂലൈ, ഡിസംബർ 2001 ഫെബ്രുവരി എന്നീ മാസങ്ങളിലെ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ വഴിയും 2001-02 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസൽ വഴിയും ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചു നൽകിയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭരണാനുമതി ലഭിച്ച പ്രസ്തുത ആവശ്യത്തിലേക്ക് തുക അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

1999 മുതൽ 2002 വരെയുള്ള കാലയളവിൽ ഫണ്ട് ലഭിക്കാത്തതിനാൽ പുതിയ വാഹനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ 1-3-2007-ലെ ജി.ഒ(എംഎസ്.) നമ്പർ

70/2007/ആർ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2007-ൽ 23 അംബാസിഡർ കാറുകളും 63 മഹീന്ദ്ര ജീപ്പുകളും ഉൾപ്പെടെ ആകെ 86 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

ശുപാർശ

2230-01-103-74—എമർജൻസി റിപാട്രിയേഷൻ ഫണ്ട് ഫോർ നോൺ റെസിഡന്റ് കേരളൈറ്റ്സ്

വിദേശത്ത് തൊഴിൽതേടി പോകുന്ന ചിലർക്ക് തൊഴിൽ ലഭിക്കാതെ വരികയും തുടർന്ന് മടക്കയാത്രയ്ക്കും മറ്റു അത്യാവശ്യചെലവുകൾക്കും പണമില്ലാതെ വരികയും റിക്രൂട്ടിംഗ് ഏജൻസികൾ കബളിപ്പിച്ചുകൊണ്ടുപോകുന്ന ഇവർ വിസാചട്ടങ്ങൾ ലംഘിക്കുന്നതിന്റെ പേരിൽ ജയിലിൽ കഴിയേണ്ടിവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം വിദേശത്തുള്ളവരെ തിരികെ കൊണ്ടുവരുന്നതിന് ചില നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ടെന്നും ഇവർ 2 വർഷത്തിൽ കൂടുതൽ വിദേശത്ത് താമസിച്ചിരിക്കണമെന്നും വാർഷിക വരുമാനം 50,000 രൂപയിൽ കൂടുതൽ ആകാൻ പാടില്ലെന്നും സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. വിദേശത്ത് തൊഴിൽ ലഭിക്കാതെയും മറ്റ് കാരണങ്ങളാലും വലയുന്ന പ്രവാസി കേരളീയരുടെ ആശ്വാസ ത്തിനായി ഈ വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നും, വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾ ധാരളമുണ്ടെന്നും ഇവർ തൊഴിൽരഹിതരെ ചൂഷണം ചെയ്യുന്നു ണ്ടെന്നും ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസിൽ പ്രത്യേകം സംവിധാനം ഉണ്ടാകേണ്ടതുണ്ടെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

വിദേശരാജ്യങ്ങളിൽ ഉണ്ടാകുന്ന ആഭ്യന്തര കലാപങ്ങൾ, സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള അടിയന്തര സ്വഭാവമുള്ള സാഹചര്യങ്ങളിൽ തന്റേതല്ലാത്ത കാരണ ങ്ങളാൽ വിദേശരാജ്യങ്ങളിൽ കുടുങ്ങിപ്പോകുന്ന പ്രവാസി മലയാളികളെ സമയ ബന്ധിതമായി നാട്ടിലെത്തിക്കുന്നതിന് വേണ്ടിയാണ് എമർജൻസി റിപാട്രിയേഷൻ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കൂടാതെ പലകാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ കുടുങ്ങിപ്പോയ മലയാളി സ്ത്രീകളെ നാട്ടിൽ കൊണ്ടുവരുന്നതിനും ഈ ഫണ്ട് വിനിയോഗിക്കുന്നു. ഇതിന് പൊതുവായ ചില നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ടെ ങ്കിലും അടിയന്തരഘട്ടങ്ങളിൽ അവ ബാധകമാക്കാറില്ല. ഉദാഹരണത്തിന് ലിബിയ, യെമൻ എന്നീ രാജ്യങ്ങളിൽ കുടുങ്ങിയ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്ന തിന് ഈ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. തൊഴിൽ ലഭിക്കാതെ വരിക, വിസാചട്ടങ്ങൾ ലംഘിക്കുക, തുടങ്ങിയ കാര്യങ്ങൾക്ക് ജയിലിൽ കഴിയുന്നവരെ കൊണ്ടുവരുന്നതിന് സ്വപ്ന സാഫല്യം പദ്ധതി സൗദി അറേബ്യയിൽ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ഗൾഫ് രാജ്യങ്ങളിൽക്കൂടി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന് പുറമേ നിയമപ്രശ്നങ്ങളിൽ പ്രവാസികളെ സഹായിക്കുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരിക യാണ്. വ്യാജ റിക്രൂട്ടിംഗ് ഏജൻസി മുഖേനയുള്ള വിസാതട്ടിപ്പ് തടയുന്നതിനും ഇവർ തൊഴിൽരഹിതരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും യഥാസമയം നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസിൽ എൻ.ആർ.ഐ സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ നോർക്ക റൂട്ട്സ് മുഖേന വ്യാപകമായ ബോധവത്കരണ പരിപാടികളും നടപ്പാക്കിവരുന്നു.

ശുപാർശ

2230-01-103-68—പ്രവാസി മലയാളി ക്ഷേമ ഏജൻസിയുടെ ന്യൂഡൽഹി, കൊച്ചി, കോഴിക്കോട് എന്നിവടങ്ങളിലെ സെല്ലിനുള്ള ചെലവ്

2001-2002 വർഷത്തെ പുതിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ആവശ്യ ത്തിലേയ്ക്കായി രണ്ടു ലക്ഷം രൂപ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ആ തുക കൂടി ഈ ഹെഡിൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

നോർക്ക റൂട്ട്സിന്റെ റീജിയണൽ/ഡെവലപ്മെന്റ് ഓഫീസുകൾ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, ന്യൂഡൽഹി, മുംബൈ എന്നിവിടങ്ങിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ചെലവുകൾക്കായി ഈ ശീർഷകത്തിൽ ഇപ്പോൾ 15 ലക്ഷം രൂപ അനുവദിച്ചുവരുന്നു. ഈ തുക ഇവയുടെ സുഗമമായ പ്രവർത്തന ത്തിന് ഇപ്പോൾ പര്യാപ്തമാണ്.

ശുപാർശ

2230-01-103-76—പ്രവാസി മലയാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് നിധി

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച ചർച്ചാവേളയിൽ വിദേശ മലയാളികൾ വിവിധ പ്രോജക്ടുകളിൽ മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പി ച്ചിട്ടുള്ളതായി സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. വിദേശ മലയാളികൾ വിവിധ പ്രോജക്ടുകളിൽ മുതൽമുടക്കാൻ മുന്നോട്ടുവരുമ്പോൾ അവരുടെ മുതൽ മുടക്കിന് ഗവൺമെന്റ് ഗാരന്റി നൽകേണ്ടതുണ്ടെന്നും അവർക്ക് എല്ലാ വിധ പ്രോത്സാഹനവും സഹായവും ഗവൺമെന്റ് നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ അവർ ആരെ സമീപിക്കണമെന്ന പ്രശ്നമുണ്ടെന്നും ആയതിനാൽ ഗവൺമെന്റിലെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വിദേശമലയാളികൾക്ക് ബുദ്ധിമുട്ടുകൾ വരാതിരിക്കുന്നതിനായി പ്രവാസി മലയാളി വകുപ്പ് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് വികസന കാര്യത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാകാതിരിക്കുന്ന തിനായി ഓരോ ജില്ലയുടെയും ആവശ്യങ്ങൾ വിവിധ വകുപ്പുകളുമായി ആലോചിച്ച് മുൻകൂട്ടി നിശ്ചയിച്ച് പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിദേശ മലയാളികളുടെ പ്രൊപ്പോസലുകളിന്മേൽ മുൻഗണന നിശ്ചയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9, 10)

സ്വീകരിച്ച നടപടി

വിദേശ മലയാളികളുടെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത് പ്രായോഗികമല്ല. എങ്കിലും പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് പരമാവധി സുരക്ഷ ഉറപ്പ് വരുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും അവർക്ക് സ്വയം തൊഴിൽ/ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് നോർക്ക റൂട്ട്സിൽ ഒരു നോർക്ക ബിസിനസ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങളിലും മറ്റ് വിവിധ ആവശ്യങ്ങളിലും പ്രവാസി കേരളീയ കാര്യ വകുപ്പ് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ വികസന കാര്യങ്ങളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ പ്രവാസി സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. 2012 സെപ്റ്റംബർ മാസം വ്യവസായ വകുപ്പ് സംഘടിപ്പിച്ച എമർജിംഗ് കേരളയിൽ പ്രവാസികൾക്കായി ഒരു പ്രത്യേക സെക്ഷൻ തന്നെ ഏർപ്പാടാക്കിയിരുന്നു. പ്രവാസികൾ നൽകുന്ന പ്രൊപ്പോസലുകൾക്ക് മുൻഗണന നൽകുന്നതിന് വകുപ്പ് പ്രതിജ്ഞാബദ്ധമാണ്.

(ബി) **2002-03 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

അധിക ശുപാർശ

ജാമ്യത്തുക അടയ്ക്കാൻ നിർവ്വാഹമില്ലാതെ വിചാരണ തടവുകാരായി ധാരാളം ആളുകൾ ജയിലിൽത്തന്നെ കഴിയുന്നുണ്ടെന്നും ഇവരുടെ മോചനത്തിനായി ഒരു ബെനവലന്റ് ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു (ഖണ്ഡിക 16-ലെ മറുപടിയിന്മേൽ 22-2-2012-ലെ സമിതിയോഗം നൽകിയ അധിക ശുപാർശ).

സ്വീകരിച്ച നടപടി

ജാമ്യത്തുക അടയ്ക്കാൻ നിർവ്വാഹമില്ലാതെയുള്ള വിചാരണ തടവുകാരുടെ മോചനത്തിനായി ഒരു ബെനവലന്റ് ഫണ്ട് രൂപീകരിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശത്തെത്തുടർന്നു 2012-13-ലെ Supplementary Demands for Grants—ഈ ആവശ്യത്തിലേക്കായി "2056—ജയിൽ 001 Direction and administration -91- prisoners benevolent fund" എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

ശുപാർശ

2070-800-99 എന്ന ഹെഡ് ഓഫ് അക്കൗണ്ട് റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഏറ്റുമാനൂർ സത്രത്തിലെ ഒരു വാച്ചറുടെ ശമ്പളം, അലവൻസുകൾ എന്നിവയ്ക്കു വേണ്ടി മാത്രമുള്ളതാണെന്ന് സമിതി മനസിലാക്കുന്നു. ഈ ആവശ്യത്തിനു മാത്രമായി ഒരു ഹെഡ് നിലനിർത്തേണ്ടതില്ലാത്തതിനാൽ പ്രസ്തുത ഹെഡ് നീക്കം ചെയ്ത്, ഏറ്റുമാനൂർ സത്രം വാച്ചറുടെ ശമ്പളവും മറ്റ് അലവൻസുകളും റവന്യൂ വകുപ്പിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2079-800-99 എന്ന ശീർഷകം ഇപ്പോൾ നിലവിലില്ല. ഏറ്റുമാനൂർ സത്രം ഇപ്പോൾ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സൂക്ഷിക്കുന്ന ഗോഡൗണായിട്ടാണ് ഉപയോഗിക്കുന്നത്. ടി സത്രത്തിലെ വാച്ചറുടെ ശമ്പളവും അലവൻസുകളും ഇലക്ഷന്റെ 2015-102-99 ഇലക്ഷൻ 01 സാലറീസ് എന്ന ശീർഷകത്തിൽ നിന്ന് നൽകി വരുന്നു.

(സി) **2005-06 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

ശുപാർശ

പോലീസുദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ കഴിയുന്നത്ര വേഗത്തിൽ തീരുമാനം എടുക്കണമെന്നും പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ പരാതിക്കാരെ അറിയിക്കുന്നതിനും വകുപ്പുതല സംവിധാനം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം മേലുദ്യോഗസ്ഥർ വഴി അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ പരാതി നൽകുന്ന കക്ഷികൾക്ക് ഉചിതമായ മറുപടി നൽകുന്നുമുണ്ട്. ഈ നടപടികൾ തുടർന്നും കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ കേരളാ പോലീസ് ആക്ടിലെ 110(1) വകുപ്പ് പ്രകാരം പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പോലീസുദ്യോഗസ്ഥർക്കെതിരെയുമുള്ള പരാതികൾ അന്വേഷിക്കുന്നതിന് ഒരു സംസ്ഥാനതല പോലീസ് കംപ്ളയിന്റ്സ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ആക്ടിലെ 110(3) പ്രകാരം പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവി വരെയുള്ള പോലീസുദ്യോഗസ്ഥർക്കെതിരെയുമുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനുമായി ജില്ലാ തലത്തിൽ പൊലീസ് കംപ്ളയിന്റ്സ് അതോറിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. അതോറിറ്റിയുടെ സിറ്റിംഗുകളുടെ വിവരങ്ങൾ അതാത് സമയങ്ങളിൽ പത്രദൃശ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. സംസ്ഥാന പോലീസ് കംപ്ളയിന്റ്സ് അതോറിറ്റി സ്വമേധയാ കേസുകളെടുത്തും അന്വേഷണം നടത്താറുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിന്മേൽ കൃത്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ശുപാർശ

പോലീസിനെക്കുറിച്ചുള്ള ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശുപാർശകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കണമെന്നും അതിന്മേലുള്ള സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് മാനുവൽ പരിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരള പോലീസ് ആക്ടും കേരള പോലീസ് മാനുവലും പരിഷ്കരിക്കുവാൻ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. എന്നാൽ ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. അലക്സാണ്ടർ ജേക്കബ്, ഐ.പി.എസ്. കൺവീനറായി ഒരു പുതിയ കമ്മിറ്റി രൂപവൽക്കരിക്കുവാൻ വേണ്ടി സംസ്ഥാന പോലീസ് മേധാവി 8-11-2012ൽ ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റി രൂപവൽക്കരിച്ച് മൂന്നുമാസത്തിനകം അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിലുള്ള അന്തിമ നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

<u>ശുപാർശ</u>

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് സ്വകാര്യ ആശുപത്രികളിലേതുൾപ്പെടെയുള്ള ചികിത്സാ ചെലവുകൾ, പ്രത്യേക ഉത്തരവു മുഖേന സർക്കാർ വഹിക്കുന്നതായി സമിതി മനസിലാക്കുന്നു. ഈ ആനുകൂല്യം പോലീസ് വകുപ്പിനോളംതന്നെ പ്രാധാന്യമുള്ള അഗ്നിശമന സേനാംഗങ്ങൾക്കും കൂടി ബാധകമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ യൂണിഫോംഡ് സർവീസിലെ ജീവനക്കാർക്ക് ഡ്യൂട്ടി ഹസാർഡ് വിക്ടിം റിലീഫ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അന്തിമ കരട്ചട്ടങ്ങൾ ധനകാര്യവകുപ്പ് അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>ശുപാർശ</u>

കൃത്യനിർവ്വഹണത്തിനിടെ അപകടമരണം സംഭവിക്കുന്ന അഗ്നിശമന സേനാംഗങ്ങളുടെ ആശ്രിതർക്കു നൽകുന്ന നഷ്ടപരിഹാരത്തുക 1 ലക്ഷം രൂപയാണ്. ഇത് തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക പോലീസ് വകുപ്പിലുള്ളതുപോലെ 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

അഗ്നിശമന രക്ഷാസേവന വകുപ്പിൽ നിന്നും 18-9-2012-ൽ ശുപാർശ ലഭിച്ചു. പ്രസ്തുത ശുപാർശ 22-10-2012-ൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യവകുപ്പ് ശുപാർശ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

ഈ വകുപ്പിൽ കഴിഞ്ഞവർഷം വാങ്ങിയ 21 ഫയർ എഞ്ചിനുകളുടെ ചേസിസ് ബോഡി നിർമ്മിക്കാൻ മതിയായ തുക ലഭ്യമാക്കാത്തതിനാൽ നാശോന്മുഖമായി കൊണ്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി നാമമാത്രമായ തുകയാണ് വകയിരുത്തിയിട്ടുള്ളത്. ബോഡി നിർമ്മാണത്തിനാവശ്യമായ തുക അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ചേസിസ് ബോഡി നിർമ്മാണം 2006 ജനുവരിയിൽ പൂർത്തീകരിച്ചു.

ശുപാർശ

അഗ്നിശമന സേനാ വിഭാഗത്തിൽ കാര്യക്ഷമമായ പ്രവർത്തനത്തിന് ആധുനിക ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ നൽകി നവീകരിക്കേണ്ടത് അത്യന്താപേക്ഷിത മാണെന്ന് സമിതി കരുതുന്നു. എന്നാൽ ഈയിനത്തിൽ 1,000 രൂപ (നോൺ പ്ലാൻ) ടോക്കൺ പ്രൊവിഷനായി മാത്രമേ വകയിരുത്തിയിട്ടുള്ളു.

അഗ്നിശമന സേനയുടെ നവീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2005-06 നോൺ പ്ലാൻ ഇനത്തിൽ 2070-109-94 എന്ന ശീർഷകത്തിൽ 99,96,697 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

അഗ്നിശമന സേനാംഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ക്ഷേമ നിധിയിലേക്കുള്ള വാർഷിക സർക്കാർവിഹിതം നാമമാത്രമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറലിൽ നിന്ന് 26-6-2012-ൽ ലഭിച്ച ശുപാർശ പരിശോധിച്ചുവരുന്നു.

(ഡി) **2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ശുപാർശ

സംസ്ഥാനത്തെ നിരവധി പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായ കെട്ടിടങ്ങളില്ലാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. സർക്കാർവക സ്ഥലം കണ്ടെത്തി മാത്രമേ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കാവൂ എന്ന നിബന്ധനമൂലം പലയിടത്തും അനാവശ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തുകളും മറ്റു അർദ്ധസർക്കാർ സ്ഥാപനങ്ങളും ഭൂമി വാഗ്ദാനം ചെയ്താൽപ്പോലും ആ സ്ഥലങ്ങൾ ഏറ്റെടുക്കാൻ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. ഈ നിബന്ധന ഒഴിവാക്കി ആവശ്യമായ സ്ഥലങ്ങളിൽ അക്വിസിഷനിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ യോജിച്ച സ്ഥലം കണ്ടെത്തി പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളിൽ പ്രസ്തുത സ്ഥലങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത സ്ഥലങ്ങൾ ആഭ്യന്തരവകുപ്പിന് നൽകിക്കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് റവന്യൂ വകുപ്പാണ്. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസലുകൾ റവന്യൂ വകുപ്പുൾപ്പെടെയുള്ള വകുപ്പുകളിലേക്ക് അയച്ചിരിക്കുകയാണ്. അതിന്മേലുള്ള നടപടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ശുപാർശ

കേന്ദ്രസഹായം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടികൾക്ക് ഇനിയും തുടക്കം കുറിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. തീരപ്രദേശങ്ങളിൽ സാമുദായിക വികാരങ്ങൾമൂലം പലപ്പോഴും പ്രക്ഷുബ്ധമാകുന്ന ക്രമസമാധാനനില പരിരക്ഷിക്കുന്നതിനും തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനും സഹായകരമായിരിക്കുമെന്നതിനാൽ ഈ പദ്ധതിപ്രകാരമുള്ള പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ഒന്നാംഘട്ടത്തിൽ അനുവദിച്ച 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ 7 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും അവയിൽ 6 എണ്ണം കമ്മീഷൻ ചെയ്യുകയും 7-ാമത്തേത് വൈകാതെ കമ്മീഷൻ ചെയ്യുകയും ചെയ്യുന്നതാണ്. 8-ാമത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്. ഈ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തീരദേശപോലീസ് സ്റ്റേഷനുകളുടെ 2-ാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വന്തമായി കെട്ടിടമില്ലാത്ത 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസലുകളിൽ പ്രസ്തുത സ്ഥലങ്ങൾ റവന്യൂ ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വയാണ്. പ്രസ്തുത സ്ഥലങ്ങളിൽ ഉടമസ്ഥാവകാശം ബന്ധപ്പെട്ട വകുപ്പുകളിൽ നിലനിർത്തികൊണ്ട് കോസ്റ്റൽ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള 'പെർമിസീവ് സാങ്ക്ഷൻ', നൽകുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിച്ചുവരികയാണ്.

ശുപാർശ

പോലീസ് സംരക്ഷണം ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന വകയിൽ റെയിൽവെ, കെ.എസ്.ഇ.ബി., മറ്റു അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പോലീസ് വകുപ്പിലേക്ക് ലഭിക്കേണ്ട തുകയിൽ ഭീമമായ കുടിശ്ശിക ഉള്ളതായി സമിതി മനസ്സിലാക്കുന്നു. പോലീസിന് ലഭിക്കേണ്ട തുക മറ്റ് സർക്കാർ വകുപ്പു കൾക്ക് നൽകാനുള്ള തുകയിൽ കിഴിക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. പോലീസ് വകുപ്പിന് ലഭിക്കേണ്ട തുക കൃത്യമായി ഈടാക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായും മറ്റ് സ്ഥാപനങ്ങളുമായും ചർച്ച നടത്തുകയും കുടിശ്ശിക ലഭിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

പോലീസ് സംരക്ഷണം ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന വകയിൽ റെയിൽവെ വരുത്തിയിട്ടുള്ള കുടിശ്ശിക സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ ചർച്ച ചെയ്ത്, 2008 മുതൽ പോലീസ് വകുപ്പിന് നൽകേണ്ട തുക മറ്റ് ഇനങ്ങളിൽ ക്രമീകരിക്കാൻ പാടുള്ളതല്ലെന്നും നേരിട്ട് അടയ്ക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. 2009-2010 വർഷത്തിൽ പോലീസ് വകുപ്പ് റെയിൽവെയ്ക്ക് സംരക്ഷണം നൽകിയ വകയിൽ 12,10,95,725 രൂപ റീ ഇംബേഴ്സ് ചെയ്യുവാൻ 19-8-2011-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2008-2009, 2009-2010 വർഷങ്ങളിൽ പോലീസിനെ റെയിൽവേയിൽ വിന്യസിച്ച വകയിൽ 3,28,93,632 രൂപ റെയിൽവേയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1984 മുതൽ 2009 വരെ റെയിൽവെ, പോലീസ് വകുപ്പിന് നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് സതേൺ റെയിൽ ഫിനാൻഷ്യൽ അഡ്വൈസറുമായി ചർച്ച നടത്തിയിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്ന തുമാണ്.

1-4-2004 മുതൽ 30-3-2009 വരെയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോഡിന് സംരക്ഷണം നൽകിയ വകയിൽ പോലീസ് വകുപ്പിന് ലഭിക്കേണ്ട തുക ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി ചാർജ് ഇനത്തിൽ പോലീസ് വകുപ്പ് നൽകേണ്ട തുകയുമായി അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. 1-4-2009 മുതൽ സർക്കാർ നിർദ്ദേശപ്രകാരം വൈദ്യുതി ചാർജ്ജ് പോലീസ് വകുപ്പ് യഥാസമയം അടച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ 1-4-2009 മുതൽ പോലീസ് വകുപ്പിന് വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കേണ്ട 19,48,45,187 രൂപ ഇതേവരെയും ലഭിച്ചിട്ടില്ല. ടി തുക ബോർഡിൽ നിന്നും ലഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) **2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

ശുപാർശ

3451-00-101-75—അക്ഷയ

വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്കും പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്ഷയ പദ്ധതി ആരംഭിച്ചത്. 2006-07 വരെ അക്ഷയയ്ക്ക് 3451-00-101-75 എന്ന കണക്കിനത്തിൽ പ്രത്യേകമായി തുക വകയിരുത്തിയിരുന്നു. എന്നാൽ 2007-2008-ലേക്ക് അക്ഷയ പദ്ധതിക്ക് പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. അക്ഷയയുടെ പ്രവർത്തനങ്ങൾ കേരളമാകെ വ്യാപിപ്പിക്കുന്നതിനായി ഈ പദ്ധതിക്ക് തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14, 15, 16)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ അക്ഷയ പദ്ധതിക്ക് വേണ്ടി തുകയൊന്നും ലഭിച്ചിട്ടില്ല. 2008-2009 സാമ്പത്തിക വർഷത്തിൽ അക്ഷയ പദ്ധതിക്ക് വേണ്ടി ലഭിച്ച 300 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ഉപയോഗിച്ചു.

ശുപാർശ

കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രവർത്തനങ്ങൾക്ക് 2007-08 സാമ്പത്തിക വർഷം 3451-00-101-87 എന്ന ശീർഷകത്തിൽ 4.6 കോടി രൂപയും 2852-07-202-92 എന്ന ശീർഷകത്തിൽ (ഡിമാന്റ് നമ്പർ XXXVII) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4.6 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവ രണ്ടുംചേർത്ത് കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ മൊത്തം അടങ്കൽ തുക 9.2 കോടി രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഐ. ടി. മിഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. 2008-2009 സാമ്പത്തിക വർഷം 3451-00-101-87 എന്ന ശീർഷകത്തിൽ 1840 ലക്ഷം രൂപയും ഇൻഡസ്ട്രീസ് ഇനത്തിൽ 160 ലക്ഷം രൂപയും എ.സി.എ. ഇനത്തിൽ 2000 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി.

ശുപാർശ

ഹൈക്കോടതിയുടെ 24-5-2006-ലെ 1706-1706/2001 ഉത്തരവിൻ പ്രകാരം, 32 പുതിയ കോടതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ഗവൺമെന്റ് ഉത്തരവ് G.O.(Rt.)2493/06/Home പ്രകാരമുള്ള മുൻഗണനാക്രമത്തിൽ 5 വർഷത്തിന്മേൽ പഴക്കമുള്ള നിർദ്ദിഷ്ട കോടതികൾ 5 മാസത്തിനകം രൂപീകരിക്കേണ്ടതുണ്ട്. ഇതിലേക്കായി 2007-08-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ഹൈക്കോടതിയുടെ 25-5-2006-ലെ 706-1706/2001 ഉത്തരവിൻ പ്രകാരം, പുതിയ കോടതികൾ രൂപീകരിക്കുന്നതിനായുള്ള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളിൽ അഞ്ചു വർഷത്തിനുമേൽ പഴക്കമുള്ള കോടതികൾ ഉത്തരവ് തീയതി മുതൽ 5 മാസത്തിനകം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആ ഉത്തരവനുസരിച്ച് ജി.ഒ.(ആർറ്റി.)2493/2006/ഹോം തീയതി 31-10-2006 പ്രകാരമുള്ള കോടതികൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സ.ഉ.(സാധാ.)1919/09/ആഭ്യന്തരം തീയതി 6-7-2009 പ്രകാരം മുൻഗണനാ ലിസ്റ്റ് പുതുക്കി നിശ്ചയിച്ചു. ഇതിൽ നിന്നും കണ്ണൂർ, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ഓരോ സബ്കോടതി സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരവും സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തും സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശുപാർശ

സർക്കാരിന്റെ താൽപ്പര്യപ്രകാരം ഹൈക്കോടതി, അഴിമതിനിരോധന ആക്റ്റ് പ്രകാരമുള്ള രണ്ട് സ്പെഷ്യൽ കോടതികൾ കോട്ടയത്തും തിരുവനന്തപുരത്തും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്കായും ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

8-7-2008-ലെ ജി.ഒ. (എംഎസ്.)20/2008/വിജി. പ്രകാരം കോട്ടയം ആസ്ഥാനമാക്കി ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ

സാമ്പത്തിക പരിമിതി കണക്കിലെടുത്ത് തിരുവനന്തപുരത്ത് ഒരു വിജിലൻസ് കോടതി കൂടി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ല എന്ന് നേരത്തേ സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോൾ തിരുവനന്തപുരത്തും, കോട്ടയത്തും നിലവിലുള്ള വിജിലൻസ് കോടതികളോട് ചേർന്ന് ഓരോ കോടതികൂടി ആരംഭിക്കുന്ന കാര്യം പരിശോധനയിലാണ്.

ശുപാർശ

പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമനിരോധനം) ആക്ട് പ്രകാരമുള്ള കേസുകളുടെ നടത്തിപ്പിലേക്കായി രണ്ട് കോടതികൾ കൽപ്പറ്റയിലും മലപ്പുറത്തും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കുള്ള ശമ്പളവും മറ്റ് ചെലവുകളിലേക്കുമായുള്ള തുകയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമനിരോധനം) ആക്ട് പ്രകാരമുള്ള കേസുകളുടെ നടത്തിപ്പിലേക്കായി രണ്ട് കോടതികൾ കൽപ്പറ്റയിലും മഞ്ചേരിയിലും രൂപീകരിക്കുന്നതിന് ജി.ഒ.(എംഎസ്.)നമ്പർ 611/2010/ഹോം തീയതി 18-2-2010 പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. പ്രസ്തുത കോടതികൾക്ക് 2009-10-ലും തുടർന്നുള്ള വർഷങ്ങളിലും ഫണ്ട് അനുവദിച്ച് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻ കീഴിലുള്ള 2225-01-800-86 (പ്ലാൻ-വോട്ടഡ്), 2225-02-800-68 (പ്ലാൻ-വോട്ടഡ്) എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലാണ്. ടി ഹെഡ് ഓഫ് അക്കൗണ്ടുകൾ ഹൈക്കോടതിയുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഇവയുടെ ചീഫ് കൺട്രോളിംഗ് ഓഫീസറായി എസ്.സി./എസ്.റ്റി. കോടതികളിലെ സ്പെഷ്യൽ ജഡ്ജിമാരെയും ചുമതലപ്പെടുത്തണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ശുപാർശ

G.O.(Rt.)2339/06/Home dated 13-10-2006 പ്രകാരം അനുവദിച്ച തിരുവനന്തപുരം വഞ്ചിയൂരിലെ കോടതി സമുച്ചയത്തിന് 640 ലക്ഷം രൂപയും G.O.(Rt.) 2699/06/ Home dated 21-11-06 പ്രകാരം എറണാകുളത്ത് 50% സി.എസ്.എസ്.-ൽ അനുവദിച്ച കോടതി സമുച്ചയത്തിനുള്ള 16.20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം 61.28 ലക്ഷം രൂപ 4059-60-051-98(CSS) എന്ന ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. ഹൈക്കോടതികളുടേയും മറ്റ് കോടതികളുടേയും നിർമ്മാണത്തിനായി ആകെ 717.26 ലക്ഷം രൂപയാണ് 2007-08-ൽ ചെലവായത്. ഇതു സംബന്ധിച്ച അനുബന്ധ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

**വഞ്ചിയൂർ കോടതി സമുച്ചയ നിർമ്മാണം**

13-10-2006-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 2339/06/ആഭ്യന്തരം പ്രകാരം 640 ലക്ഷം രൂപ ഭരണാനുമതി അനുവദിച്ച പ്രസ്തുത പ്രവൃത്തിക്ക് 735 ലക്ഷത്തിന്റെ സാങ്കേതികാനുമതി ലഭ്യമായി. എസ്റ്റിമേറ്റിന്റെ 35.35% അധിക നിരക്കിൽ പ്രസ്തുത പ്രവൃത്തി കെ.എസ്.സി.സി. ഏറ്റെടുക്കുകയും 31-3-2010-ൽ പണി പൂർത്തിയാക്കുകയും ചെയ്തു. ടി പ്രവൃത്തിക്ക് ചെലവായ ആകെ തുക 6,84,41,355 രൂപ.

**എറണാകുളം കോടതി സമുച്ചയം**

11-7-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 161/07/ആഭ്യന്തരം പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 4055-60-051-98 എന്ന ശീർഷകത്തിൽ 1620 ലക്ഷം രൂപ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുകയുണ്ടായി. ടി പ്രവൃത്തി ബഡ്ജറ്റ് എസ്റ്റിമേറ്റിലെ വാല്യം 1-ലെ അനുബന്ധം 2-ലെ പേജ് നമ്പർ 33-ൽ 16000 രൂപയ്ക്ക് ഉൾപ്പെടുത്തുകയുണ്ടായി. ഈ ശീർഷകത്തിലെ ആകെ ബഡ്ജറ്റ് വിഹിതം 12,35,58,000 രൂപയാണ്. ടി പ്രവൃത്തിക്ക് 1620 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയാണ് ലഭിച്ചത്. 7-1-2013-ൽ പണി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 8.91% അധിക എസ്റ്റിമേറ്റ് തുക പ്രകാരം കെ.എസ്.സി.സി. പണി ഏറ്റെടുത്തു. 9100 ച. മീറ്റർ വിസ്തീർണ്ണത്തിൽ ഏഴു നിലകളിലായാണ് ഈ കെട്ടിടം വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ ഏഴു നിലകളുടേയും ഭൗതിക ഘടനാ രൂപം പൂർത്തിയായിട്ടുണ്ട്. എല്ലാ നിലകളിലേയും ഇഷ്ടിക പണിയും പൂശലും ഏകദേശം പൂർത്തിയായ അവസ്ഥയിലാണ്. ഇതേ വരെ നടന്ന ചെലവ് 11,33,15,589 രൂപയാണ്.

ശുപാർശ

ഹൈക്കോടതി ജഡ്ജിമാരുടെ ആവശ്യത്തിലേക്കായി പുതിയ കാറുകൾ വാങ്ങി നൽകുമ്പോൾ ഉപയോഗത്തിലിരുന്ന പഴയ വാഹനങ്ങൾ ജില്ലാ കളക്ടറെ ഏൽപ്പിക്കണമെന്നും അവ ഉടനടി ലേലം ചെയ്തു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള പൊതുവായ നിയമങ്ങൾ പ്രകാരമല്ല ഹൈക്കോടതി ജഡ്ജിമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നത്. പഞ്ചാബ് & ഹരിയാന ഹൈക്കോടതിയുടെ AIR 1993 P&H 287 വിധിന്യായ പ്രകാരം ഹൈക്കോടതി ജഡ്ജിമാരുടെ 5 വർഷത്തിലധികം പഴക്കമുള്ളതോ അല്ലെങ്കിൽ 80,000 കിലോമീറ്റർ ഓടിയതോ (ഇവയിൽ ഏതാണോ ആദ്യം) ആയ കാറുകൾ മാറ്റി പുതിയ കാറുകൾ നൽകേണ്ടതാണ്. ഇതിൻപ്രകാരം ഹൈക്കോടതി ജഡ്ജിമാർക്കായി പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ, ഉപയോഗത്തിലിരുന്ന വാഹനങ്ങൾ സർക്കാർ ഉത്തരവനുസരിച്ച് ടൂറിസം വകുപ്പിന്റെ ഉപയോഗത്തിനായി നൽകുകയാണ് സാധാരണയായി ചെയ്യാറുള്ളത്.

ശുപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ-മറ്റു ചെലവുകൾ

മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല സമിതിയുടെ തീരുമാന പ്രകാരം 2007-08 വർഷത്തേക്ക് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും 8,50,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുളളത്. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 21,50,000 രൂപ കൂടി അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയിൽ 21,50,000 (ഇരുപത്തിയൊന്നു ലക്ഷത്തി അമ്പതിനായിരം രൂപ) കൂടി അനുവദിക്കുവാൻ വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. ഈ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല. അതിനാൽ 2008-09 വർഷത്തെ ധനാഭ്യർത്ഥനകളിന്മേലുള്ള പരിശോധന സംബന്ധിച്ച യോഗത്തിൽ വയ്ക്കുന്നതിനുളള കുറിപ്പിൽ രേഖപ്പെടുത്തി സബ്ജക്റ്റ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്.

അധിക ശുപാർശ

അങ്കമാലി ടെൽക്ക് കോമ്പൗണ്ടിൽ ടൂറിസം ഫെസിലിറ്റി സെന്ററിന്റെ പണി പൂർത്തീകരിക്കുവാനാവശ്യമായ സ്ഥലം ഇപ്പോൾ ലഭ്യമായതിനാൽ, വ്യവസായ വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 96-ലെ മറുപടിയിന്മേൽ 29-4-2009-ലെ സമിതി യോഗം നൽകിയ ശുപാർശ)

സ്വീകരിച്ച നടപടി

ടെൽക്കിന് കീഴിലുള്ള 56.71218 ഏക്കർ സ്ഥലം ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ജൂലൈ 2008-ൽ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ കമ്പനിക്ക് ലഭ്യമായ 50.8964 ഏക്കർ ഭൂമിയിൽ 37 ഏക്കർ ഭൂമി പ്രതി വർഷം 4500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിനും ബാക്കി ഭൂമി 10000 MVA പ്രതി വർഷ ഉൽപ്പാദനമുള്ള 765KVA, NTPC യും സർക്കാരും സംയുക്തമായി ചേർന്ന് സ്ഥാപിക്കുന്നതിന് ആവശ്യമുളളതായതിനാലും സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(എഫ്) **2008-2009 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

ശുപാർശ

സെക്രട്ടേറിയറ്റ് റെക്കോർഡുകളുടെ ഡിജിറ്റൈസിംഗ് ജോലികൾ പൂർത്തിയാക്കുന്നതിന് ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം 3451-00-101-87 ശീർഷകത്തിൽ ലഭ്യമായിരുന്ന സേവിംഗ്സിൽ നിന്നും 10 ലക്ഷം രൂപ സെക്രട്ടേറിയറ്റ് റെക്കോർഡുകളുടെ ഡിജിറ്റൈസിംഗ് ജോലി പൂർത്തിയാക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 36 ലക്ഷം 18 ലക്ഷം രൂപ ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ നൽകുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇപ്രകാരം തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന വോട്ടിംഗ്മെഷീനുകളുടെ 25% സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി 31-3-2008-ന് മുമ്പ് വാങ്ങേണ്ടതാണെന്നും, അല്ലാത്ത പക്ഷം തുടർന്നുള്ള തെരഞ്ഞെടുപ്പുകൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി കമ്മീഷന് നൽകുന്നതല്ലെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനുവേണ്ട തുകയായ 1.15 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേക്ക് വേണ്ടി വരുന്ന വോട്ടിംഗ് മെഷീനുകളുടെ 25% സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി വാങ്ങേണ്ടതാണെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2008-09 വർഷത്തിൽ 1.15 കോടി രൂപ അധികമായി അനുവദിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുകയും G.O. (Rt.) 8630/09/Fin, dated 28-12-2009 നമ്പർ ഉത്തരവ് പ്രകാരം 2015-00-109-99-34-OC എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1.15 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിരുന്നു. ഈ തുക വിനിയോഗിച്ച് കമ്മീഷൻ 1060 എണ്ണം വോട്ടിംഗ് മെഷീനുകൾ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും അവ നിലവിൽ ഉപയോഗിച്ച് വരികയുമാണ്.

ശുപാർശ

2230-01-103-47—നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി

കേരളത്തിൽ നിന്നുമുള്ള വളരെയധികം വ്യക്തികൾ വിസ തട്ടിപ്പിനിരയായി, വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിഞ്ഞുവരുന്നു. വ്യാജവിസ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനത്തിന് കടിഞ്ഞാണിടുന്നതിനും വിദേശ രാജ്യങ്ങളിൽ ജോലി അന്വേഷിച്ചു പോകുന്നവർക്ക് ബോധവൽക്കരണം നടത്തുന്നതിനും ദൃശ്യമാധ്യമങ്ങളിൽക്കൂടി വിപുലമായ പ്രചാരണ പരിപാടികൾ നടത്തുന്നതിനായി

നോർക്ക ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാലിക പ്രാധാന്യമുള്ള വിഷയമായതിനാൽ ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ ഇതിലേക്ക് കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

വ്യാജ റിക്രൂട്ടുമെന്റിനും വിസ തട്ടിപ്പിനുമെതിരായ ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പിനായി 2008-09 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ അനുവദിക്കുകയും അത് പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള നോർക്കറൂട്ട്സിന് നൽകുകയുമുണ്ടായി. നോർക്ക റൂട്ട്സ് നൽകിയ തുകയുടെ ധനവിനിയോഗം യഥാസമയം ലഭ്യമാക്കാത്തതിനാൽ 2008-09 സാമ്പത്തിക വർഷം ഇതിനായി അധിക തുക അനുവദിച്ചിരുന്നില്ല.

എന്നാൽ വിസ തട്ടിപ്പിനെതിരെ ബോധവൽക്കരണത്തിനായി 2009-2010 വർഷം 10 ലക്ഷം രൂപയും, 2010-11 വർഷം 15 ലക്ഷം രൂപയും 2011-12 വർഷം 25 ലക്ഷം രൂപയും വകയിരുത്തുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം (2012-13) ഇതിനായി 40 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ബോധവൽക്കരണ പരിപാടികൾ നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേനയാണ് നടപ്പാക്കിവരുന്നത്. ഈ ബോധവൽക്കരണ പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പും സർക്കാർ വർഷാവർഷം നൽകുന്ന തുകയുടെ വിനിയോഗവും സർക്കാർ വിലയിരുത്തുന്നുണ്ട്.

(ജി) **2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

**<u>ശുപാർശ</u>**

3451-00-101-69—ഐ.എം.ജി. സംസ്ഥാന പരിശീലന നയം-പരിശീലനപരിപാടി

പുതിയ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി 2009-10 വർഷം 100 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടായിരുന്നു. കൂടാതെ സമിതിയുടെ 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ ഈ സാമ്പത്തിക വർഷവും മുൻ വർഷത്തെ പോലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 100 ലക്ഷം രൂപ പരിശീലന പരിപാടികൾ നടത്തുന്നതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

2009-10 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല എങ്കിലും ഉപധനാഭ്യർത്ഥന പ്രകാരം 2 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ വഴി 2.5 കോടി രൂപയും സെക്രട്ടേറിയറ്റ്

അസിസ്റ്റന്റ്/തെരഞ്ഞെടുത്ത വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ളർക്കുമാർ എന്നിവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിലേക്കായി 1 കോടി രൂപയും പിന്നീട് ലഭ്യമായിട്ടുണ്ട് (ആകെ 550 ലക്ഷം)

ശുപാർശ

2014-00-102-99—ഹൈക്കോടതി-01-ശമ്പള വിഹിതം (ചാർജ്ഡ്-നോൺ പ്ലാൻ)

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഹൈക്കോടതിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുളള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ആവശ്യമായ തുക അനുവദിച്ചിരുന്നു (2009-10 വർഷം, സപ്ലിമെന്ററി ഗ്രാന്റ്സിൽ 4,00,00,000 രൂപയും, റീ അപ്രോപ്രിയേഷൻ മുഖേന 2,08,34,000 രൂപയും അനുവദിച്ചു).

ശുപാർശ

2014-00-102-99—ഹൈക്കോടതി വേതനം (ചാർജ്ഡ്-നോൺ പ്ലാൻ)

ഹൈക്കോടതിയിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും നടപ്പ് സാമ്പത്തിക വർഷം ഈ വിഭാഗത്തിൽ പുതിയതായി സൃഷ്ടിക്കുവാനായി ഉദ്ദേശി ക്കുന്ന തസ്തികകൾക്കും കൂടി വേതനയിനത്തിൽ അനുവദിച്ചിരിക്കുന്ന 31,71,000 രൂപ അപര്യാപ്തമായതിനാൽ മതിയായ തുക ഈ ശീർഷകത്തിൽ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ആവശ്യമായ തുക അനുവദിച്ചിരുന്നു (2009-10 വർഷം, സപ്ലിമെന്ററി ഗ്രാന്റ്സിൽ 3,46,000 രൂപയും, റീ അപ്രോപ്രിയേഷൻ മുഖേന 1,73,000 രൂപയും ലഭിച്ചിരുന്നു.)

ശുപാർശ

2014-00-102-99—ഹൈക്കോടതി-04-യാത്രാചെലവുകൾ (ചാർജ്ഡ്-നോൺ പ്ലാൻ)

യാത്രാ ചെലവുകൾക്കായി ആവശ്യപ്പെട്ട തുകയുടെ 50% മാത്രമേ നടപ്പ് സാമ്പത്തിക വർഷം ഇതിലേക്കായി വകയിരുത്തിയിട്ടുളളൂ. പ്രസ്തുത തുക തുലോം കുറവായതിനാൽ ആവശ്യമായ തുക ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

യാത്രാ ചെലവുകൾക്കായി പ്രതീക്ഷിച്ച അത്രയും തുക താഴെപ്പറയുന്ന കാരണങ്ങളാൽ ആവശ്യമായി വന്നില്ല. ഭോപ്പാലിലെ നാഷണൽ ജുഡീഷ്യൽ അക്കാദമിയിലേക്ക് പരിശീലനത്തിനും, റിഫ്രഷർ കോഴ്സിനുമായും, ദേശീയ തലത്തിൽ ഡൽഹിയിലും മറ്റും വച്ചു നടത്തുന്ന കോൺഫറൻസുകളിലേക്കും കൂടുതൽ ജുഡീഷ്യൽ ഓഫീസർമാരെ പങ്കെടുപ്പിക്കേണ്ടതിലേക്ക് വേണ്ടിവരുന്ന ചെലവുകൾക്കാണ് മുഖ്യമായും തുക ആവശ്യപ്പെട്ടത്. കേരളത്തിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലേക്കും തിരിച്ചും സ്ഥലം മാറ്റപ്പെടുന്ന ചീഫ് ജസ്റ്റീസുമാരുടെയും മറ്റു ജഡ്ജിമാരുടെയും യാത്രാചെലവുകൾ നൽകുവാനും കൂടിയാണ് അധിക തുക ആവശ്യപ്പെട്ടത് എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള പരിശീലനങ്ങളും റിഫ്രഷർ കോഴ്സുകളും സ്ഥലം മാറ്റങ്ങളും എണ്ണത്തിൽ കുറവായിരുന്നതിനാൽ ഈയിനത്തിൽ പ്രതീക്ഷിച്ചത്രയും തുക ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2014-00-102-99—<u>ഹൈക്കോടതി-05-ഓഫീസ് ചെലവുകൾ(ചാർജ്ഡ്-നോൺപ്ലാൻ)</u>

നടപ്പ് സാമ്പത്തിക വർഷം ഹൈക്കോടതിയുടെ 'ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 4,11,27,000 രൂപ പര്യാപ്തമല്ലാത്തതിനാൽ ആവശ്യമായ തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ആവശ്യമായ തുക അനുവദിച്ചിരുന്നു (2009-10 വർഷം ഈ ഇനത്തിൽ 34,00,000 രൂപ സപ്ലിമെന്ററി ഗ്രാന്റ്സ് മുഖേന അനുവദിച്ചിരുന്നു).

<u>ശുപാർശ</u>

തടവുകാരുടെ എണ്ണത്തിൽ വരുന്ന വർദ്ധനവ്, ആഹാരസാധനങ്ങൾക്കും ചികിത്സയ്ക്കുമായുള്ള ചെലവിൽ വന്ന വർദ്ധനവ്, തടവുകാരുടെ വേതനത്തിൽ വരുത്തിയ വർദ്ധനവ്, മറ്റു ദൈനംദിന ആവശ്യങ്ങൾക്കു വേണ്ടിവരുന്ന സാധനങ്ങളുടെ വില വർദ്ധനവ് എന്നിവ അധിക ചെലവിനു കാരണമാകുന്നതിനാൽ 37,46,08,000 രൂപയാണ് ഈ ശീർഷകത്തിലേക്ക് ആവശ്യപ്പെട്ടിരുന്നത്. ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 36,38,53,000 രൂപ തുലോം കുറവായതിനാൽ ബാക്കി തുകയായ 1,07,55,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ധനപുനർവിനിയോഗം, ഉപധനാഭ്യർത്ഥന മുഖേന 1,08,53,000 രൂപ അധികമായി അനുവദിച്ചു.

ശുപാർശ

സ്റ്റേഷനറി വകുപ്പിന് ലോറികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ വാടക ലോറിയിലാണ് സാധനങ്ങൾ കയറ്റി അയയ്ക്കുന്നത്. വകുപ്പിന് ലോറി വാങ്ങുന്നതിനായി 2009-10 വർഷത്തിൽ 15,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,000 രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ ബാക്കി തുകയായ 14,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സ്റ്റേഷനറി വകുപ്പിന് ലോറി വാങ്ങുന്നതിനായി 9-7-2009-ലെ സർക്കാർ ഉത്തരവ് (സാധാ.)1006/09/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചു. ഇതനുസരിച്ച് "2058-00-001-99-21-1 വാഹനം വാങ്ങൽ" ശീർഷകത്തിലേക്ക് "2058-00-101-99-19 യന്ത്രോപകരണങ്ങൾ" ശീർഷകത്തിൽ നിന്നും 11,10,000 രൂപ റീഅപ്രോപ്രിയേറ്റ് ചെയ്ത് 2009 ഒക്ടോബറിൽ വാഹനം വാങ്ങിച്ചിട്ടുണ്ട്.

ശുപാർശ

വിവര സാങ്കേതിക വിദ്യയ്ക്കു കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനാൽ കമ്പ്യൂട്ടർ കടലാസിന്റേയും, ഫോട്ടോകോപ്പിയിംഗ് കടലാസിന്റേയും ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പ്ലസ് ടു കോഴ്സ് സ്കൂൾ തലത്തിലേക്ക് മാറ്റിയതിനാൽ പരീക്ഷ നടത്തിപ്പിനും, മറ്റും ആവശ്യമായി വരുന്ന പേപ്പർ ഇനങ്ങൾ വാങ്ങി നൽകേണ്ട ചുമതല സ്റ്റേഷനറി വകുപ്പിനാണ്. ആവശ്യമായ ഫണ്ടിന്റെ അഭാവത്താൽ പലവക സാധനങ്ങൾ മതിയായ തോതിൽ വാങ്ങി ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് ഉപഭോക്തൃ ആഫീസുകൾക്ക് സാധനങ്ങൾ നൽകാൻ കഴിയാത്ത അവസ്ഥ സംജാതമാകുന്നു. ഇത് സർക്കാർ ഓഫീസുകളുടെ മൊത്തം പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്കുള്ള ബഡ്ജറ്റ് വിഹിതം 24 കോടി രൂപയാക്കി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

"2058-00-101-99-24" എന്ന ശീർഷകത്തിൽ 16.5 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 11.07 കോടി രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതിനാൽ സമിതി ശുപാർശ പ്രസ്തുത വർഷം നടപ്പാക്കിയിരുന്നില്ല.

ശുപാർശ

ഹാന്റ് കംമ്പോസിംഗ് പൂർണ്ണമായും ഗവൺമെന്റ് പ്രസ്സുകളിൽ നിന്നും ഒഴിവാക്കുന്നതിന്റെ ഭാഗമായി പ്രസ്സുകളിലെ ജീവനക്കാർക്ക് ഡി.റ്റി.പി. പരിശീലനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 50,000 രൂപയ്ക്ക് പുറമേ 50,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

അധികമായി ഫണ്ട് അനുവദിക്കാൻ കഴിഞ്ഞു.

<u>ശുപാർശ</u>

സമയബന്ധിത ജോലികളായ ബഡ്ജറ്റ്, ഭൂമിയുടെ ന്യായവില സംബന്ധിച്ച ജോലികൾ എന്നിവ ചെയ്ത വകയിൽ ജീവനക്കാർക്ക് ഓവർടൈം തുക അനുവദിക്കേണ്ടതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 49,50,000 രൂപ കൂടാതെ 1,00,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ജി.ഒ. (ആർടി.) നമ്പർ 417/10/ധന. തീയതി 16-1-2010 പ്രകാരം 75 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു.

<u>ശുപാർശ</u>

ഗവൺമെന്റ് പ്രസ്സുകളിൽ പുതുതായി സ്ഥാപിക്കുന്ന അത്യന്താധുനിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10,00,000 രൂപ അപര്യപ്തമായതിനാൽ 15,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ജി.ഒ.(ആർടി.) നമ്പർ 2365/10/ധന. തീയതി 26-3-2010 പ്രകാരം 31,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

<u>ശുപാർശ</u>

വർദ്ധിച്ച ഉത്പാദനവും അതനുസരിച്ചുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി 2009-10 വർഷത്തിൽ അനുവദിച്ച 1,00,00,000 രൂപ തീരെ കുറവായതിനാൽ 1,00,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

ജി.ഒ. (ആർടി.) നമ്പർ 2365/10/ധന. തീയതി 26-3-2010 പ്രകാരം 33,44,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

ശുപാർശ

2070-00-003-97—ഐ.എം.ജി. (പദ്ധതി)

പരിശീലനം, വാഹനം മാറ്റി വാങ്ങിക്കൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപണി, കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങൽ എന്നിവയ്ക്കായി കൂടുതൽ തുക ചെലവുവരുന്നതിനാൽ ഈ വർഷം അനുവദിച്ച 73 ലക്ഷം രൂപയ്ക്ക് പുറമെ 324 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2009-10 ൽ ഒറിജിനൽ ഗ്രാന്റായി ഈയിനത്തിൽ ലഭിച്ച 73 ലക്ഷം രൂപ 4 തുല്യ ഗഡുക്കളായി റിലീസ് ചെയ്തു കിട്ടിയതല്ലാതെ, അധിക തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

ശുപാർശ

2070-00-003-97—ഐ.എം.ജി. (പദ്ധതിയേതരം)

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, തുടങ്ങി ജീവനക്കാരുടെ ശമ്പളത്തിന് വേണ്ടിയുള്ള ഈ ശീർഷകത്തിൽ, ഈ വർഷം അനുവദിച്ചിരിക്കുന്ന തുകയായ 248.43 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 272.12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

2009-10 വർഷത്തിൽ ഈയിനത്തിൽ ഒറിജിനൽ ഗ്രാന്റായി ലഭിച്ച 248.43 ലക്ഷം രൂപ 4 തുല്യ ഗഡുക്കളായി റിലീസ് ചെയ്തു കിട്ടി. കൂടാതെ ഗ്രാറ്റുവിറ്റി തുക നൽകുന്നതിലേക്കായി Final SDG -യിൽ 1 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി.

### (എച്ച്) **2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ഖണ്ഡിക 1 മുതൽ 101 വരെയും ഖണ്ഡിക 103 മുതൽ 183 വരെയുമുള്ള ശുപാർശകളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ വിവരം 24-7-2012-ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. [ചട്ടം 236 (5)]

### (ഐ) **2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

ഈ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം 236 (5) പ്രകാരം തയ്യാറാക്കുന്ന ആക്ഷൻടേക്കൺ റിപ്പോർട്ട് പ്രത്യേകമായി സമർപ്പിക്കുന്നതാണ്.

## ഭാഗം 2

**I. (എ) 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും വൈകി ലഭിച്ച (3-11-2011-ന് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം) നടപടി സ്റ്റേറ്റ്മെന്റുകൾ.**

ശുപാർശ

2058-00-001-92—കമ്പ്യൂട്ടർവൽക്കരണം/ആധുനികവൽക്കരണം

സ്റ്റേഷനറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, നെറ്റ് വർക്ക് സ്ഥാപിക്കൽ എന്നിവയുടെ തുടർപ്രവർത്തനങ്ങൾക്കും പേപ്പർ പ്രിന്റിംഗ് ലാബ് നവീകരിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 85 ലക്ഷം രൂപ 2058-00-001-92-കമ്പ്യൂട്ടർവൽക്കരണം/ആധുനികവൽക്കരണം ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2058-00-001-92 എന്ന ശീർഷകത്തിൽ 2010-11 വർഷത്തേക്ക് ആവശ്യപ്പെട്ട 46.41 ലക്ഷം രൂപ പര്യാപ്തമാകയാൽ ശുപാർശ ചെയ്ത 85 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടില്ല. (ഗവ.കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

വയനാട് ജില്ലയിൽ സ്റ്റേഷനറി വകുപ്പിന് സ്വന്തമായി കെട്ടിടമില്ല. അവിടെ സ്റ്റേഷനറി ഓഫീസിനുവേണ്ടി സ്ഥലമെടുക്കുന്നതിനും കെട്ടിടം പണിയുന്നതിനുമായി ഈ സാമ്പത്തികവർഷത്തിൽ അനുവദിച്ചിരിക്കുന്ന 30,00,000 രൂപ അപര്യാപ്തമായ തിനാൽ 15 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിനുവേണ്ടി സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അനുവദിച്ച 30 ലക്ഷം രൂപ പര്യാപ്തമാകുന്നതാണ്. (ഗവ.കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

സർക്കാരിന്റെ അച്ചടിജോലികൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കണമെന്നും എന്നാൽ നിലവിലുള്ള സംവിധാനത്തിൽ അത് പ്രായോഗികമല്ലെന്നും

അതിനാൽ സർക്കാർ പ്രസ്സുകളുടെ നവീകരണം സമയബന്ധിതമായി നടപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രസ്സുകളുടെ ആധുനികവൽക്കരണത്തിനായി ശ്രീമതി ഇന്ദിരാ ചന്ദ്രശേഖർ അദ്ധ്യക്ഷയായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി അതിന്റെ റിപ്പോർട്ട് മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

പ്രസ്സുകളുടെ ആധുനികവൽക്കരണത്തിനായി ശ്രീമതി ഇന്ദിരാ ചന്ദ്രശേഖർ അദ്ധ്യക്ഷയായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. (ഗവ. കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

വിവിധ സർക്കാർ ഓഫീസുകൾക്കാവശ്യമായി വരുന്ന ടൈപ്പ്റൈറ്റർ, ഡ്യൂപ്ലിക്കേറ്റർ, നമ്പറിംഗ് മെഷീൻ മുതലായ ആഫീസ് മെഷീനുകൾ വാങ്ങുന്നതിനും മെഷീനുകൾക്കാവശ്യമായി വരുന്ന സ്പെയർ പാർട്ട്സുകൾ വാങ്ങുന്നതിനുമായാണ് 2058-00-101-99 സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ 2010-11 വർഷത്തിൽ അനുവദിച്ചിരിക്കുന്ന തുകയായ 20,00,000 രൂപ അപര്യാപ്തമായതിനാൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2058-00-001-19 യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 20 ലക്ഷം രൂപ പര്യാപ്തമാണ്. (ഗവ. കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

സർക്കാർ ഓഫീസുകൾക്കും സർക്കാർ പ്രസ്സുകൾക്കും ആവശ്യമുള്ള വിവിധയിനം പേപ്പറുകൾ വാങ്ങുന്നതിനാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. സാധനങ്ങൾ മതിയായ തോതിൽ വാങ്ങി ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് ഉപഭോക്തൃ ആഫീസുകൾക്ക് സാധനങ്ങൾ നൽകാൻ കഴിയാത്ത അവസ്ഥയായതിനാൽ സർക്കാർ ആഫീസുകൾക്ക് ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടിവരികയും ഇത് സർക്കാരിന് അധിക ബാധ്യത സൃഷ്ടിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനാൽ കമ്പ്യൂട്ടർ കടലാസിന്റെയും ഫോട്ടോ കോപ്പിയിംഗ് കടലാസിന്റെയും ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന 18.15 കോടി രൂപയ്ക്കു പുറമേ 5.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

അപേക്ഷ സമർപ്പിച്ചുവെങ്കിലും ധനകാര്യ വകുപ്പ് ടി അപേക്ഷ നിരസിക്കുകയുണ്ടായി. (ഗവ.കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

2058-00-103-99-21—മോട്ടോർ വാഹനങ്ങൾ (1) വാങ്ങൽ

ഗവൺമെന്റ് പ്രസ്സുകളിലെ ആവശ്യത്തിനായി മൂന്നു ലോറികൾ ഉണ്ടായിരുന്നതിൽ പഴക്കം ചെന്ന ഒന്ന് ലേലം ചെയ്ത് വിറ്റതിനാൽ സാധനസാമഗ്രികൾ എത്തിക്കുന്നതിനും അച്ചടിച്ച ഫാറങ്ങളും രജിസ്റ്ററുകളും ഫാറം സ്റ്റോറുകളിലേക്കുംമറ്റും കൊണ്ടുപോകുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഒരു അലൂമിനിയം കണ്ടെയ്നർ ട്രക്ക് വാങ്ങുന്നതിലേക്കായി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

അച്ചടി വകുപ്പിൽ 6,72,022 രൂപയ്ക്ക് ഒരു ട്രാവലർ ഡെലിവറി വാൻ, 10,02,025 രൂപയ്ക്ക് ഒരു ഐഷർ ട്രക്ക് എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു വേണ്ടിവരുന്ന തുക 2011-12 2nd ബാച്ച് SDG-ൽ ഉൾക്കൊള്ളിച്ച് 2058-00-103-99-21 എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. (ഗവ.കത്ത് നമ്പർ 28807/H3/2010/ഉ.വി.വ. തീയതി 9-5-2012)

ശുപാർശ

2070-00-107-99

2010 ജനുവരിയിൽ ഹോം ഗാർഡുകളുടെ പ്രവർത്തനം സംസ്ഥാനത്ത് പുനരാരംഭിക്കുകയും 3000 പേരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. അവരുടെ വേതനത്തിനായി ഈ സാമ്പത്തിക വർഷം 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 13.5 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തികവർഷത്തിൽ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയായി ഹോം ഗാർഡുകൾക്ക് ദിവസ വേതനം നൽകുന്നതിനായി 22.80 കോടി രൂപ വകയിരുത്തിയിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ 25 കോടി 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (ഗവ.കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

2070-00-108-(1)—വെള്ളക്കരം

അഗ്നിശമന രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിനുള്ള കരം കുടിശ്ശികയുൾപ്പെടെ അടയ്ക്കുന്നതിനായി 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നതിൽ 2,66,000 രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ആവശ്യപ്പെട്ടിരുന്നതിന്റെ ബാക്കി തുകയായ 7,34,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

ജി.ഒ.(ആർടി.)നമ്പർ 8068/10/ധന. തീയതി 8-11-2010 പ്രകാരം വെള്ളത്തിനുള്ള കരം അടയ്ക്കുന്നതിനായി 10,94,000 രൂപ 2010-11 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെള്ളക്കരത്തിനുള്ള കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (ഗവ. കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

2070-108-99-05-4—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അഗ്നിശമന സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നൽകേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്താത്തത് ജീവനക്കാരുടെ മനോവീര്യത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 82,10,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്തുവാൻ നടപടി കൈക്കൊണ്ടുവരികയാണ് (ഗവ.കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

2070-108-99-21-1—വാഹനം വാങ്ങൽ

അഗ്നിശമന സേനയുടെ ആധുനികവൽക്കരണത്തിനും നിലവിലുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കുള്ള മറ്റ് യന്ത്രങ്ങൾ വാങ്ങുന്നതിനുമായി കഴിഞ്ഞ കുറെ വർഷങ്ങളായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നത്. വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവം രക്ഷാപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ജനങ്ങളുടെ

ജീവനും സ്വത്തിനും നേരിടുന്ന അപകടങ്ങളിൽ നിന്നും മറ്റ് നാശനഷ്ടങ്ങളിൽ നിന്നും അവരെ രക്ഷിക്കുന്നതിന് അഗ്നിശമന സേനയെ സജ്ജമാക്കുന്നതിന് ആവശ്യമായ വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി 5 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ 6.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (ഗവ. കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

പ്രകൃതിക്ഷോഭത്തിലും അപകടത്തിലും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ജീവനക്കാർക്ക് ആവശ്യമായ രക്ഷാസാമഗ്രികളും വേണ്ടത്ര പരിശീലനവും നൽകേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഫയർ ഫോഴ്സിലുള്ള എല്ലാ ജീവനക്കാർക്കും സ്വിമ്മിംഗിലും ഡ്രൈവിംഗിലും പരിശീലനം നൽകണമെന്നും ഫയർസർവ്വീസിൽ നിയമനത്തിന് നീന്തൽ ഒരു യോഗ്യതയായി ഉൾപ്പെടുത്തണമെന്നും രക്ഷാസാമഗ്രികളുടെ കുറവ് പരിഹരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

ജീവനക്കാർക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ഫയർ സർവ്വീസ് അക്കാഡമിയിൽ നീന്തൽക്കുളത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ജീവനക്കാർക്ക് നീന്തലിലും ഡൈവിംഗിലും പരിശീലനം നൽകുന്നതാണ്. രക്ഷാസാമഗ്രികളുടെ കുറവ് പരിഗണിക്കുന്നതിന് നടപടി കൈക്കൊണ്ടുവരികയാണ്. (ഗവ. കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

ഫയർ സർവ്വീസിൽ ആധുനിക രക്ഷാഉപകരണങ്ങൾ വാങ്ങുന്നതിനും സുസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മൂന്നോ നാലോ നിലയിൽ കൂടുതൽ പൊക്കമുള്ള കെട്ടിടങ്ങളിൽ അഗ്നിബാധയുണ്ടായാൽ നേരിടാനുള്ള സംവിധാനം ഇപ്പോൾ ഇല്ലെന്നും അതിനാൽ പ്രധാന നഗരങ്ങളിൽ എല്ലാം സ്കൈലിഫ്റ്റുകൾ വാങ്ങി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം പ്ലാൻ ഇനത്തിൽ 6.50 കോടി രൂപയും കേന്ദ്ര സഹായമായി 17.37 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച്

സ്കൈലിഫ്റ്റ് ഉൾപ്പെടെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (ഗവ.കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-5-2012)

ശുപാർശ

അപകടസ്ഥലങ്ങളിൽ എത്രയും വേഗം എത്തിച്ചേരുന്നതിനും ഉയർന്ന കെട്ടിടങ്ങളിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ഒരു ഹെലികോപ്റ്റർ ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

അഗ്നിശമന രക്ഷാസേവന വകുപ്പിന് ഹെലികോപ്റ്റർ വാങ്ങുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. (ഗവ. കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

അപകട വിവരം അറിയിക്കുന്നതിന് എല്ലാ ഫയർ സ്റ്റേഷനുകളിലും ടെലിഫോൺ സൗകര്യം ഇല്ലെന്നും അതിനാൽ എല്ലാ സ്റ്റേഷനുകളിലും അടിയന്തര മായി മൊബൈൽ ഫോൺ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

ഇപ്പോൾ എല്ലാ അഗ്നിശമന രക്ഷാനിലയങ്ങളിലും മൊബൈൽ ഫോൺ സംവിധാനം ലഭ്യമാണ്. (ഗവ.കത്ത് നമ്പർ 94735/F2/2011/ആഭ്യന്തരം, തീയതി 9-2-2012)

ശുപാർശ

2220-01-105-98—വീഡിയോ ഡോക്യുമെന്ററി ചിത്രങ്ങളുടെ നിർമ്മാണം

സംസ്ഥാനത്ത് നടക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ ക്ഷേമപ്രവർത്തനങ്ങൾ ജീവിച്ചിരിക്കുന്ന രാഷ്ട്രീയ സാംസ്ക്കാരിക മേഖലകളിലെ വ്യക്തികൾ എന്നിവ യെല്ലാം ഡോക്യുമെന്റ് ചെയ്യുക, ദൂരദർശൻ-ആകാശവാണി വാർത്താ ചാനലുകളിൽ അനുവദിക്കുന്ന ടൈം സ്ളോട്ടുകളിൽ പരിപാടികൾ തയ്യാറാക്കുന്നതിനും ടെലികാസ്റ്റ് ഫീസിനുമായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 70 ലക്ഷം രൂപയ്ക്ക് പുറമേ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

നവകേരളം പ്രിയ കേരളം, ജനപഥം, റേഡിയോ ഡോക്യുമെന്ററി എന്നീ പരിപാടികൾ എല്ലാ ആഴ്ചയിലും പി.ആർ.ഡി. അവതരിപ്പിച്ചിരുന്നു. കൂടുതൽ

പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ഷനുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടംമൂലവും അധികമായി അനുവദിച്ച തുക നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. (ഗവ. കത്ത് നമ്പർ 26329/B2/2010/ ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-01-105-99—ഫിലിമുകൾ വാങ്ങുന്നതിന്

സംസ്ഥാന-കേന്ദ്ര-അന്തർദേശീയ അവാർഡുകൾ വാങ്ങുന്നതിന് ഈ ശീർഷകത്തിലെ തുകയാണ് വിനിയോഗിക്കുന്നത്. കൂടാതെ ആർക്കൈവ്സിൽ ഉള്ളതും അല്ലാത്തതുമായ തെരഞ്ഞെടുത്ത ചിത്രങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ആർക്കൈവ്സിലുള്ള ഫിലിമുകൾ ഡിജിറ്റൽ വീഡിയോ ഫോർമാറ്റിലേക്ക് മാറ്റുന്നതിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരുക്കുന്ന 10,00,000 രൂപയ്ക്ക് പുറമേ 2.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

ടാഗോർ തീയേറ്ററിന്റെ നവീകരണ പരിപാടികൾ നടക്കുന്നതിനാൽ ഫിലിം ആർക്കൈവ്സിന്റെ ഡിജിറ്റലൈസേഷൻ ജോലികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ അധിക തുക നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചില്ല. (ഗവ.കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ദൃശ്യ ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ പൊതു ജനങ്ങളിൽ എത്തിക്കുന്നതിനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. വകുപ്പിൽ ഇലക്ട്രോണിക് മീഡിയ ഡിവിഷൻ നിലവിൽ വന്നതോടെ ടി.വി./റേഡിയോ പരസ്യങ്ങൾക്ക് കൂടുതൽ തുക വേണ്ടിവരും. കൂടാതെ വകുപ്പിന്റെ പരസ്യ വിഭാഗം ആധുനികവൽക്കരിക്കുന്നതിനും നടപ്പു വർഷം ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. മറ്റു വിധത്തിൽ തുക കണ്ടെത്താനാകാത്തതിനാൽ 12 കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിക്കുകയുണ്ടായി. [സ.ഉ.(സാധാ.) നമ്പർ 2086/11/ധന. തീയതി 21-3-2012] ഈ തുക 2011-12 സാമ്പത്തിക വർഷത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. (ഗവ.കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-102-99—വാർത്താവിതരണ കേന്ദ്രങ്ങൾ

2010-11-ൽ നടപ്പാക്കുന്നതിനായി നിർദ്ദേശിച്ച പദ്ധതികളിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും ഇൻഫർമേഷൻ ഓഫീസുകൾ ഡയറക്ട്രേറ്റിലെ പ്രസ് റിലീസ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ഇൻഫർമേഷൻ സെന്ററുകൾ, റിസർച്ച് & റഫറൻസ് വിഭാഗം എന്നിവയുടെ നവീകരണത്തിനുമായി 39 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

അനുവദിച്ച 20,00,000 രൂപയിൽ 19,39,344 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ് റിലീസ് വിഭാഗത്തിൽ കമ്പ്യൂട്ടർ നവീകരണത്തിനാവശ്യമായ 11 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഐ.റ്റി. വകുപ്പ് തനത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള തിനാൽ കമ്പ്യൂട്ടർ നവീകരണത്തിന് തുക ആവശ്യമായി വന്നില്ല. കൂടാതെ ഇക്കാല യളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൊതുപെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഇക്കാരണത്താൽ അധികമായി ശുപാർശ ചെയ്ത തുക നേടിയെടുക്കാൻ നടപടി സ്വീകരിച്ചില്ല. (ഗവ. കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-103-99—പത്രപ്രതിനിധികൾക്കുള്ള സൗകര്യങ്ങൾ

പ്രസ്റൂമിന്റേയും പ്രസ്റിലീസ് വിഭാഗത്തിന്റേയും നവീകരണം, അക്രഡിറ്റഡ് മാധ്യമ പ്രവർത്തകർക്ക് പാസ് നൽകുക, വിശിഷ്ടവ്യക്തികളുടെ സന്ദർശനത്തോടനു ബന്ധിച്ച് ബസ് വാടകയ്ക്ക് എടുക്കുന്ന വകയിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകു വാനുള്ള തുക, പി.ആർ. ചേംബറിന്റെ അറ്റകുറ്റപ്പണികൾ, ഇൻവർട്ടർ സ്ഥാപിക്കൽ, വാർത്താ ഏജൻസികൾക്ക് മൊബൈൽ അലർട്ട് സംവിധാനം നൽകുക എന്നിവ യ്ക്കായി 50 ലക്ഷം രൂപ അധികമായി ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

അനുവദിച്ച 15,00,000 രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. പി.ആർ. ചേംബറിന്റെ നവീകരണം ചില സാങ്കേതിക കാരണങ്ങളാൽ (പി.ആർ. ചേംബറിന്റെ താൽക്കാലിക പ്രവർത്തനത്തിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല) നടപ്പാക്കാനായില്ല. പ്രസ്റിലീസിന്റെ നവീകരണം ആരംഭിച്ചെങ്കിലും ജോലി പൂർത്തി യാകാത്തതിനാൽ 5 ലക്ഷം രൂപ മാത്രമാണ് നടപ്പുവർഷം നൽകിയത്. ഈ സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല. (ഗവ. കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-106-98—പ്രദർശനം

ജില്ലകളിലും തലസ്ഥാനത്തും നടത്തുന്ന വികസനസംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം ന്യൂഡൽഹിയിൽ ഇന്ത്യാഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂ ഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ളോ അവതരണം, സംഗീതാവതരണം, കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട അഡീഷണൽ എക്സിബിഷൻ എന്നിവയ്ക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 80 ലക്ഷം രൂപയ്ക്ക് പുറമേ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി ലഭിച്ച 80 ലക്ഷം രൂപയ്ക്ക് പുറമേ 19,58,000 രൂപ ധന പുനഃവിനിയോഗത്തിലൂടെ കണ്ടെത്തി ചെലവഴിച്ചിട്ടുണ്ട്. (ഗവ.കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-109-99—ഫോട്ടോപ്രചരണം

സർക്കാർ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിവരം പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന് ഫോട്ടോ കവറേജ് ഉൾപ്പെടെ ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനും വകുപ്പിലുള്ള നെഗറ്റീവ് ശേഖരം ഡിജിറ്റലൈസ് ചെയ്യുന്നതിനും ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം പാലിക്കേണ്ടിയിരിക്കുന്നതിനാൽ പ്രതീക്ഷിച്ച രീതിയിൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നെഗറ്റീവ് ശേഖരങ്ങളുടെ ഡിജിറ്റലൈസേഷൻ സംബന്ധിച്ച പ്രൊപ്പോസലുകൾ വൈകിയതു കാരണം നടപ്പിലാക്കാനായിട്ടില്ല. ഈ സാഹചര്യത്തിൽ അധിക തുകയ്ക്കായി അഭ്യർത്ഥിച്ചിട്ടില്ല. (ഗവ. കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-109-98—വീഡിയോ പ്രചരണം

ടെലിവിഷൻ ഇലക്ട്രോണിക് മാധ്യമ രംഗത്തെ വൻമാറ്റങ്ങൾക്ക് അനുസൃതമായി ഇ-മാധ്യമത്തെ വിനിയോഗിക്കുന്നതിനായി ഇലക്ട്രോണിക് മീഡിയ ഡിവിഷൻ രൂപീകൃതമായതോടെ പൂർണ്ണ തോതിലുള്ള വാർത്താ വിതരണ സംവിധാനം

പരിപൂർണ്ണമായാൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന 20 ലക്ഷം രൂപ മതിയാകാതെ വരും. പുതിയ എഡിറ്റ് സ്യൂട്ട് വരുന്നതോടെ അതിന്റെ പരിപാലനത്തിനും ജില്ലകളുടെ സാങ്കേതിക സംവിധാനങ്ങളുടെ പരിപാലനത്തിലും കൂടുതൽ പണം ആവശ്യമായി വരും. ഇതിനു പുറമെ ഇലക്ട്രോണിക് മീഡിയ ഡിവിഷനുവേണ്ട അടിസ്ഥാന സൗകര്യവും ഒരുക്കേണ്ടി വരുന്നതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

## സ്വീകരിച്ച നടപടി

സമിതി അധികമായി ശുപാർശ ചെയ്ത 45,00,000 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും അധിക വിഭവ സമാഹരണത്തിലൂടെയോ ധനപുനഃവിനിയോഗത്തിലൂടെയോ തുക കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. (ഗവ.കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

## ശുപാർശ

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

ജില്ലാ ഹാന്റ് ബുക്കുകളുടെ പുന:പ്രസിദ്ധീകരണം മീഡിയ ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരിസ് പ്രസിദ്ധീകരണങ്ങൾ, മറ്റ് വൈജ്ഞാനിക ഗ്രന്ഥങ്ങൾ തയ്യാറാക്കൽ എന്നിവയ്ക്കും ഇവയുടെ ഇ-ബുക്ക് പുറത്തിറക്കുന്നതിനുമായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

## സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് 9,02,933 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 2010-11-ലെ മീഡിയ ഹാൻഡ് ബുക്ക് പ്രതീക്ഷിച്ചതിലും നേരത്തേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിനാൽ 2009-10-ലെ വിഹിതത്തിൽ നിന്നാണ് ചെലവഴിച്ചത്. നിലവാരമുള്ള മാറ്ററുകൾ ലഭിക്കാത്തതിനാൽ ഉദ്ദേശിച്ചത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുമായില്ല. മലയാളം ശൈലീ പുസ്തകം, FOLKLORE-IDENTITY OF CULTURE എന്നീ പുസ്തകങ്ങൾ 2010-11-ൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 2011-12-ൽ മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുള്ളൂ. 2011-ലെ സെൻസസ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനായി ജില്ലാ ഹാൻഡ് ബുക്കുകളുടെ പുനഃപ്രസിദ്ധീകരണം നീട്ടിവയ്ക്കുകയുണ്ടായി. ഇക്കാരണങ്ങളാൽ അധിക തുക ആവശ്യമായി വന്നില്ല. (ഗവ.കത്ത് നമ്പർ 26329/B2/2010/ഐ.പി.ആർ. തീയതി 16-7-2012)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ 27-6-2012, 18-12-2012 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**(ബി) 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും വൈകിലഭിച്ച (24-7-2012-ന് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം) നടപടി സ്റ്റേറ്റ്മെന്റ്**

ശുപാർശ

ശ്രീപത്മനാഭ സ്വാമി ക്ഷേത്ര സുരക്ഷ

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഇപ്പോൾ കണ്ടെടുത്തിട്ടുള്ള സ്വത്ത് ശേഖരം സംരക്ഷിക്കുന്നതിന് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തേതുണ്ട്. ആധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചെലവുകൾക്കായി 30 കോടി രൂപ പോലീസിനായി അനുവദിച്ചിട്ടുള്ള മേജർ ഹെഡിന് കീഴിൽ പ്രത്യേകമായി ശീർഷകം തുറന്ന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സ്വീകരിച്ച നടപടി

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷാക്രമീകരണങ്ങൾക്ക് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് "2055-001-99-19-യന്ത്രോപകരണങ്ങൾ" എന്ന ശീർഷകത്തിൽ ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ (രൂപ 1,51,84,000) 2011-12 വർഷം അനുവദിക്കുകയും തുക ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. (ഗവ. കത്ത് നമ്പർ 61346/ എസ്.എസ്.എ.3/2012/ആഭ്യന്തരം തീയതി 21-8-2012)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് 15-11-2012-ന് ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**II. താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റുമെന്റുകൾ**

(i) 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 13, ഖണ്ഡിക 32 മുതൽ 37 വരെയും ഖണ്ഡിക 46 മുതൽ 53 വരെയും ഖണ്ഡിക 61 മുതൽ 69 വരെയുമുള്ള ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റുമെന്റുകൾ 18-12-2012, 27-6-2012 എന്നീ തീയതികളിലായി സഭയിൽ സമർപ്പിച്ചു.

(ii) 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 102-ലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 14-2-2013-ന് സഭയിൽ സമർപ്പിച്ചു.

**III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടുകൾ**

(i) 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഐ.എം.ജി.യുടെ പ്രവർത്തന റിപ്പോർട്ട്. (7-2-2013-ൽ സഭയിൽ സമർപ്പിച്ചു.)

(ii) 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (7-2-2013-ൽ സഭയിൽ സമർപ്പിച്ചു.)

(iii) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് നിയമ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (18-12-2012-ൽ സഭയിൽ സമർപ്പിച്ചു)

(iv) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ന് സഭയിൽ സമർപ്പിച്ചു)

(v) 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ന് സഭയിൽ സമർപ്പിച്ചു)

(vi) 2011-12 സാമ്പത്തിക വർഷം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമായ വാർഷിക ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (25-7-2012-ൽ സഭയിൽ സമർപ്പിച്ചു)

(vii) 2011-12 വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച സംസ്ഥാന ആസൂത്രണവും സാമ്പത്തികാര്യവും വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ന് സഭയിൽ സമർപ്പിച്ചു)

(viii) 2010-11 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിജിലൻസ് വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ന് സഭയിൽ സമർപ്പിച്ചു)

(ix) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(x) 2010-11 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച നോർക്ക വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(xi) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിജിലൻസ് വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(xii) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(xiii) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(xiv) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഇലക്ഷൻ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ന് സഭയിൽ സമർപ്പിച്ചു)

(xv) 2011-12 സാമ്പത്തിക വർഷം ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം എന്ന അക്കൗണ്ടിൽ ലഭിച്ച ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (സ്പെഷ്യൽ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (23-7-2012-ൽ സഭയിൽ സമർപ്പിച്ചു)

(xvi) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിവരപൊതുജനസമ്പർക്ക വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ൽ സഭയിൽ സമർപ്പിച്ചു)

(xvii) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പ്രവാസി മലയാളികാര്യ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (28-6-2012-ൽ സഭയിൽ സമർപ്പിച്ചു)

## ഭാഗം 3

I. **ചട്ടങ്ങളുടെ പരിശോധന**

(എ) സമിതിയുടെ 4-7-2012, 23-7-2012, 15-11-2012, 17-1-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

(i) ഭേദഗതിയോടെ അംഗീകരിച്ച കരട് ചട്ടങ്ങൾ

1. The Kerala Payment of Pension to Members of Legislature (Amendment) Rules, 2011
2. The Kerala Payment of Pension to Members of Legislature (Amendment) Rules, 2012
3. The Kerala Government Servant's Application for Posts (Private Employment and Government Service) Amendment Rules, 2011

4. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2011

5. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2012

6. The Kerala Service (Amendment) Rules, 2012

7. The Kerala Service (.............. Amendment) Rules, 2012 (Amendment to Part I KSR–Introduction to Paternity leave)

8. The Kerala Service (.............. Amendment) Rules, 2012 [Amendment to Rules 140 (b) Part I KSR.]

9. The Kerala State and Subordinate Service (Amendment) Rules, 2012. [Amendment to Rule 28a(iii)]

(ii) ഭേദഗതി കൂടാതെ അംഗീകരിച്ച കരട് ചട്ടങ്ങൾ

1. The Kerala Service (Amendment) Rules, 2011 (Amendment to Rule 60, Part I, KSR)

2. The Kerala Legislative Assembly Members (Free Transit) Amendment Rules, 2012

3. The Kerala Legislative Assembly–Ex-Members (Free Transit) Amendment Rules, 2012

4. The Kerala Service (Amendment) Rules, 2012

5. The Kerala Service (Amendment) Rules, 2012 [Amendment to Rule 53(b) Part I KSR]

6. The Special Rules for the Subordinate Service in the Unit comprising the Officers of the Enquiry Commissioner and Special Judge and Vigilance Tribunals, 2012

7. The Kerala State and Subordinate Services (Amendment) Rules, 2012 (Amendment to List III)

8. The Kerala State and Subordinate Services (Amendment) Rules, 2012 [Amendment to Rule 27(c) of Part II, KS & SSR]

9. The Kerala Services (........ Amendment) Rules, 2012 (Amendment to Rule 76 & 89 of Part I, KSR)

ബി. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനു മുൻപായി പുറപ്പെടുവിച്ച താഴെ പറയുന്ന ചട്ടങ്ങൾക്ക് 4-7-2012, 23-7-2012, 17-1-2013 തീയതികളിലെ യോഗം സാധൂകരണം നൽകി.

(i) ഭേദഗതികളോടെ സാധൂകരിച്ച ചട്ടങ്ങൾ

1. SRO No. 456/2012–The Members of the Kerala Legislative Assembly (Advance for the Purchase of Vehicles) Rules, 2012
2. SRO No. 471/2012 - The Members of the Kerala Legislative Assembly (Providing the Assistance of Staff and Payment of Staff Allowance) Rules, 2012

(ii) ഭേദഗതി കൂടാതെ സാധൂകരിച്ച ചട്ടങ്ങൾ

1. SRO No. 193/2012—The Kerala Service (Amendment ) Rules, 2011.
2. SRO No. 315/2011—The Munnar Special Tribunal (Salaries and Allowances and Conditions of Service of the (Chairman and Members) Rules, 2011
3. SRO No. 43/12– 2012-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ
4. SRO No. 133/2012–The Kerala Government Law Officers (Appointment and Conditions of Service) and Conduct of cases (Amendment) Rules, 2012
5. SRO No. 210/2012—The Kerala Legal Benefit Fund (Amendment) Rules, 2012
6. SRO No. 457/2012—The Members of the Kerala Legislative Assembly (Providing the Assistance of Officers) Amendment Rules, 2012
7. SRO No. 751/2012 —The Kerala State Right to Service Rules, 2012
8. SRO No. 748/2008—The Family Courts (Kerala) Additional (Amendment) Rules, 2008

II. **ബില്ലുകളുടെ പരിശോധന**

12-6-2012, 23-7-2012, 14-2-2013 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

1. 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ (12-6-2012-ലെ സമിതിയോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് 13-6-2012-ന് സഭയിൽ സമർപ്പിച്ചു.)

2. 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ (23-7-2012-ലെ സമിതിയോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് 24-7-2012-ന് സഭയിൽ സമർപ്പിച്ചു.)

3. 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ. (14-2-2013-ലെ സമിതിയോഗം ഭേദഗതികളോടെ അംഗീകരിച്ചു. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് 15-2-2013-ന് സഭയിൽ സമർപ്പിച്ചു.)

4. 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ. (14-2-2013-ലെ സമിതിയോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 15-2-2013-ന് തീയതി സഭയിൽ സമർപ്പിച്ചു.)

14-2-2013-ലെ സമിതി യോഗം 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ വിശദമായി ചർച്ച ചെയ്യുന്നതിനായി പിന്നീട് പരിഗണനയ്ക്കെടുക്കാൻ തീരുമാനിച്ചു.

III. **ചട്ടം 235എ പ്രകാരമുള്ള ചർച്ച**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് സമിതി 6-9-2012 തീയതി യോഗം ചേർന്ന് 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ നടപ്പാക്കൽ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

**ഉമ്മൻ ചാണ്ടി,**

തിരുവനന്തപുരം,
2013 മേയ് 6.

*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

അനുബന്ധം

## 2012 എപ്രിൽ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്റ്റ് കമ്മിറ്റി 2012 ഏപ്രിൽ 25-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എസ്. എം. വിജയാനന്ദ്, അഡീഷണൽ ചീഫ് സെക്രട്ടറി, പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് & ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്
2. ശ്രീമതി നളിനി നെറ്റോ, ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്
3. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
5. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണവകുപ്പ്
7. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
8. ഡോ. അലക്സാണ്ടർ ജേക്കബ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്)
9. ശ്രീ. കെ. ശിവാനന്ദൻ, ഡയറക്ടർ (ടെക്നിക്കൽ), ഫയർ ആന്റ് റസ്ക്യൂ അക്കാഡമി

10. ശ്രീ. വേണുഗോപാൽ. കെ. നായർ, ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

11. ശ്രീ. മഹേഷ് സിംഗ്ല, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ്ക്വാർട്ടേഴ്സ്)

12. ശ്രീ. ടി. പി. സെൻകുമാർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

13. ശ്രീ. മനോജ് എബ്രഹാം, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്

14. ശ്രീ. വിൻസൺ എം. പോൾ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്)

15. ഡോ. പി. നസീർ, ഡയറക്ടർ, മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്

16. ശ്രീ. കെ. സുധാകരൻ പിള്ള, രജിസ്ട്രാർ, മലയാളം മിഷൻ

17. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ

18. ശ്രീമതി കെ. പി. ശ്രീലാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

19. ശ്രീമതി എസ്. ജമുന, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

20. ശ്രീ. ജി. ശിവപ്രസാദ്, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

യോഗത്തിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, IV, XII, XIII, XIV, XVII, XXV എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു :

## ധനാഭ്യർത്ഥന II

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി.)

3451-00-101-69—സംസ്ഥാന പരിശീലന നയം-പരിശീലന പരിപാടി

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 1282 ലക്ഷം രൂപ ഐ. എം. ജി ആവശ്യപ്പെട്ടുവെങ്കിലും 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

2011-2012 വർഷം അനുവദിച്ച തുകയിൽ 63 ലക്ഷം രൂപ ബാക്കി നിൽക്കുന്നുള്ളതുകൂടി പരിഗണിച്ച് ഈ ശീർഷകത്തിൽ അടിയന്തിരമായി ഐ. എം. ജി. ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി അറിയിച്ചു.

സേവന പ്രദാന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി രൂപീകരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ 7.19 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന IV

## തെരഞ്ഞെടുപ്പുകൾ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

21—മോട്ടോർ വാഹനങ്ങൾ 1- വാഹനം വാങ്ങൽ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉപയോഗത്തിനായി നിലവിലുള്ള അംബാസഡർ കാർ കാലപ്പഴക്കം വന്നതിനാൽ ലേലം ചെയ്തശേഷം പുതിയ ഒരു കാർ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ വകയിരുത്തണമെന്ന് വകുപ്പ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യത്തിലേക്കായി 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2015-00-103-99—നിയമസഭയും പാർലമെന്റും

ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിനായി 27 കോടി രൂപ ആവശ്യപ്പെട്ട തിൽ എട്ട് കോടി രൂപ മാത്രമേ ഈ ശീർഷകത്തിൽ അനുവദിച്ചുള്ളൂവെന്നതിനാൽ, ബാക്കി തുക കൂടി അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു. തുടർന്ന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവ് നിർവ്വഹിക്ക പെടുന്ന വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സമിതി വിശദമായ ചർച്ച നടത്തി.

സമ്മതിദായകരുടെ പട്ടിക പുതുക്കലും അച്ചടിയും എല്ലാ വർഷവും തുടർച്ച യായി നടന്നുവരുന്ന ഒരു പ്രക്രിയയാണ്. സമ്മതിദായകരുടെ പട്ടികയുടെ പരിഷ്കരണ ത്തിനും അച്ചടിക്കുംവേണ്ട തുകയാണ് ഈ ഉപശീർഷകത്തിൽ വകയിരുത്തിയിരിക്കു ന്നത്. അതുപോലെ തന്നെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും സമ്മതിദായകരുടെ പട്ടിക പരിഷ്കരിക്കുന്നതിന് നിയോഗി ക്കപ്പെടുന്നവർക്ക് നൽകുന്നതിനുള്ള പ്രതിഫലം, സാധനസാമഗ്രികളുടെ വില എന്നിവയും സമ്മതിദായകരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്നതിനും അവയുടെ മൊത്തത്തിലുള്ള മേൽനോട്ടം നിർവ്വഹിക്കുന്നതിനും ആവശ്യമായ ചെലവ് എന്നിവയും ഈ ഉപശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് നേരിടുന്നത് എന്നും, കൂടാതെ ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം (Electoral Roll Management System) എന്ന ഒരു പുതിയ പ്രക്രിയ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായിട്ടുള്ളതിനോടനുബന്ധിച്ച് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവുവരുമെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 27,36,48,000 രൂപയിൽ ശേഷിക്കുന്ന 18,54,66,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-106-99—നിയമസഭ

2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ചെലവിനായി വകുപ്പ് ശുപാർശ ചെയ്തതു പ്രകാരം ഈ ശീർഷകത്തിൽ 5,000 രൂപമാത്രമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ പിറവം നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പിന്റെ ചെലവുകൾ തീർപ്പാക്കുന്നതിലേക്കും ആസന്നമായ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് ചെലവുകൾ വഹിക്കുന്നതിലേക്കുമായി ഈ തുക തികച്ചും അപര്യാപ്തമാണെന്നതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തണമെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി 1,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

34—മറ്റു ചെലവുകൾ

ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും, ഇടയ്ക്കിടെ ഉപതെരഞ്ഞെടുപ്പുകൾ വരുന്നതു കൊണ്ട് ഈ ശീർഷകത്തിൽ മൂന്ന് കോടി രൂപ വകയിരുത്തേണ്ടതായിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും കാലാകാലങ്ങളിലുണ്ടാകുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ആവശ്യമായിവരുന്ന തുകയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് കൂടാതെ 150 ഓളം ഉപതെരഞ്ഞെടുപ്പുകൾ ഈ വർഷം നടത്തേണ്ടതായിട്ടുണ്ടെന്നും 2010-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിന് 2.25 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കുവാനുണ്ടെന്നും ഒരു ജില്ലാ പഞ്ചായത്ത് വാർഡ് ഉൾപ്പെടെ 23 നിയോജക മണ്ഡലങ്ങളിലേക്ക് മേയ് 15-നു ഉപതെരഞ്ഞെടുപ്പ് നടത്താൻ കമ്മീഷൻ ഇതിനകം തീരുമാനിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഏർപ്പെടുത്തുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതിലേക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ത്രിതല പഞ്ചായത്ത് വാർഡുകളിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ഈ വർഷം മുതൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ്

നടത്തുന്നതിനാവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി നൽകുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇപ്രകാരം ആവശ്യമായി വരുന്ന 8000 എണ്ണം വോട്ടിംഗ് മെഷീന്റെ 25 ശതമാനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി വാങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം തുടർന്നുള്ള തെരഞ്ഞെടുപ്പുകൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി കമ്മീഷന് നൽകുന്നതല്ലെന്നുമുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം 2009-2010 വർഷം 1.15 കോടി രൂപ ഉപയോഗിച്ച് 1060 എണ്ണം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങിയതായി സമിതി മനസ്സിലാക്കുന്നു.

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഇലക്ഷന് ഇനിയും 3 വർഷത്തോളമുള്ളതിനാൽ എല്ലാ മെഷീനുകളും കൂടി ഒരുമിച്ചുവാങ്ങാതെ കുറച്ചു വീതം ഓരോ വർഷവും വാങ്ങുന്നതായിരിക്കും ഉചിതമെന്ന് സമിതി വിലയിരുത്തി. അതിൻപ്രകാരം ഈ വർഷം 200 ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XII—പോലീസ്

2055—പോലീസ്

04-യാത്രാ ചെലവുകൾ

1-യാത്രാബത്ത

തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും സേനാംഗങ്ങൾക്ക് നിരന്തരം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ യാത്രാബത്ത ഇനത്തിൽ കൂടുതൽ തുക ചെലവാകുന്നുണ്ട്. ആയതിനാൽ 2012-13 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 589.32 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

05—ഓഫീസ് ചെലവുകൾ

1—വെള്ളക്കരം

ഈ ഇനത്തിൽ 136.08 ലക്ഷം രൂപ നിർദ്ദേശിച്ച സ്ഥാനത്ത് 114.99 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വെള്ളക്കരം യഥാസമയം കൊടുക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധിക തുക നൽകുന്നതിന് ഇടയാകുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തി. നിലവിലെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെ ഈ ഇനത്തിൽ 134 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 21.09 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2—വൈദ്യുത ചാർജ്ജ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 757.79 ലക്ഷം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ നിർദ്ദേശിച്ച തുകയിൽ കുറവ് വന്ന 167.08 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3—ടെലിഫോൺ ചാർജ്

കൂടുതൽ ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 373.97 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4—മറ്റിനങ്ങൾ

സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ വിലയേറിയ ഉപകരണങ്ങൾ പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിനുള്ള ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

12—സ്ക്കോളർഷിപ്പും സ്റ്റൈപ്പന്റും

പോലീസ് വകുപ്പിലെ ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് നടത്തി വരുന്നതിനാൽ ട്രെയിനികൾക്ക് സ്റ്റൈപ്പന്റു നൽകുന്നതിന് ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19—യന്ത്രോപകരണങ്ങൾ

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധാരാളം ഉപകരണങ്ങൾ വാങ്ങുന്നത് യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ നിന്നുമുള്ള പണം വിനിയോഗിച്ചാണ്. കമാൻഡോ പരിശീലനത്തിനായി വളരെ ചെലവ് കൂടിയ ബുള്ളറ്റുകളാണ് ആവശ്യമായി വരുന്നത്. ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലേക്കും ട്രെയിനിംഗ് നൽകുന്നതിലേക്കായി ആയുധങ്ങൾ, വെടിക്കോപ്പുകൾ എന്നിവയ്ക്ക് വൻതുക ആവശ്യമാണ്. ഇപ്രകാരം ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കുന്നതിനായി ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21.1–വാഹനം വാങ്ങൽ

പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് വളരെ വർഷങ്ങളായി ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിവരുന്നില്ല. ഇതിലേക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപ്പു വർഷവും തുക വകകൊള്ളിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടുത്ത സാമ്പത്തിക

വർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതായിട്ടുള്ള തിനാലും അതിനു പകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി. ഒ. എൽ.

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. എന്നും തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ടതായുണ്ടെന്നും സമിതി വിലയിരുത്തി. ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 829.31 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതികവിദ്യ

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്‌വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000 ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് നൽകാനുംവേണ്ടി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-99—പോലീസ് സേന നവീകരിക്കുന്നതിന് (75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും)

നവീകരണ പദ്ധതികൾക്കായി മാർച്ച് മാസങ്ങളിൽ അധികതുക കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ സംസ്ഥാനങ്ങൾക്ക് ലഭിക്കാറുണ്ട്. സംസ്ഥാന ഗവൺമെന്റുകളുടെ വിനിയോഗ നിലവാരം അടിസ്ഥാനമാക്കിയാണ് പ്രസ്തുത തുക അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലെ നിലവിലുള്ള കേന്ദ്ര വിഹിതമായ 3206.78 ലക്ഷം രൂപയ്ക്ക് പുറമെ 1097.18 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 1068.92 ലക്ഷം രൂപയ്ക്ക് പുറമെ 365.73 ലക്ഷം രൂപയും കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-800-84—പോലീസ് വകുപ്പിന്റെ നവീകരണം

**ജനമൈത്രി പദ്ധതി**

ജനമൈത്രി പ്രോജക്ടുകൾ വളരെ പ്രയോജനകരമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഈ കണക്കിനത്തിൽ ജനമൈത്രി പദ്ധതിക്കായി നടപ്പു വർഷം അനുവദിച്ചിരിക്കുന്ന 200 ലക്ഷം രൂപയ്ക്കു പുറമെ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സ്റ്റുഡന്റ് പോലീസ് സ്കീം**

സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി സംസ്ഥാനത്ത് നല്ലരീതിയിൽ പ്രാവർത്തികമായി വരുന്നതിനാൽ പ്രസ്തുത പദ്ധതി നടത്തിപ്പിലേക്കായി 300 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം**

കേരളാ പോലീസ് ആസ്ഥാന മന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണെന്നും, തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിടസമുച്ചയത്തിൽ കൊണ്ടു വന്ന് വാടകയിനത്തിൽ അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണ പരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്ന തെന്നും എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുക യാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഘട്ടംഘട്ടമായി പണി പൂർത്തിയാക്കുന്നതിനു വേണ്ടി നടപ്പുവർഷം 10 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)

വടക്കൻ ജില്ലകളിൽ ട്രെയിനിംഗ് നടത്തുന്നതിനുള്ള സൗകര്യം ഇല്ലാത്ത തിനാൽ, കോഴിക്കോട് ഐ.എം.ജി.-ക്ക് ഒരു ഹോസ്റ്റൽ ആവശ്യമാണെന്നും, പ്ലാൻ ഹെഡിൽ വകയിരുത്തിയിരിക്കുന്ന 15 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ, ഹോസ്റ്റൽ പണിയുന്നതിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്നും ഐ.എം.ജി.-യുടെ ഫാക്കൽറ്റികളുടെ യു.ജി.സി. റിവിഷന്റേയും ഗവൺമെന്റ് എംപ്ലോയീസിന്റെ റിവിഷന്റേയും കുടിശ്ശിക നൽകുന്നതിനും മറ്റുമായി നോൺ പ്ലാനിൽ വകയിരുത്തിയിരിക്കുന്ന 377.11 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ, 772.89 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

ട്രെയിനിംഗിനും അക്കാഡമിക് ചെലവുകൾക്കും ഐ.എം.ജി. തിരുവനന്തപുരം, റീജിയണൽ സെന്റർ, കൊച്ചി, റീജിയണൽ സെന്റർ, കോഴിക്കോട് എന്നിവിടങ്ങളിലെ മൂലധന ചെലവുകൾക്കുമായി 1,148.50 ലക്ഷം രൂപയും കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ഹോസ്റ്റൽ സമുച്ചയം പണിയുന്നതിനായി 5 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 1,648.35 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 377.11 ലക്ഷം രൂപ തീരെ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 772.89 ലക്ഷം രൂപയും കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ഐ.എം.എസ്. ഓഫീസേഴ്സിന്റെ ട്രെയിനിംഗിന് വകയിരുത്തിയിരുക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ കൂടി അധികമായി ആവശ്യമുണ്ടെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 2010-12 ബാച്ച് കേരള കേഡറിലെ ഐ.എ.എസ്. പ്രൊബേഷണർമാർക്കുവേണ്ടി ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ നടത്തിയ 85-ാമത് ഫൗണ്ടേഷൻ കോഴ്സിനായി ചെലവഴിച്ച 15,07,816 രൂപ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം പ്രസ്തുത സ്ഥാപനത്തിന് തിരികെ നൽകുന്നതിന് സാധിച്ചില്ല എന്ന് സമിതി മനസ്സിലാക്കി. പ്രസ്തുത തുക നൽകുന്നതിനും 2011 ബാച്ചിൽ കേരളത്തിലേക്ക് അലോട്ട് ചെയ്ത പ്രൊബേഷണർമാരുടെ പരിശീലനത്തിനുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-104-99—വിജിലൻസ്

05-4—മറ്റിനങ്ങൾ

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധിക തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

സതേൺ റേഞ്ച്, തിരുവനന്തപുരം, കോഴിക്കോട് സഹ നിയമോപദേഷ്ടാക്കളുടെ ഓഫീസ് എന്നിവിടങ്ങളിൽ കുടിശ്ശികയിനത്തിൽ 10,00,000 രൂപ നൽകാനുള്ളതിനാൽ പ്രസ്തുത തുക ഉൾപ്പെടെ ഈ ശീർഷകത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

15—രഹസ്യസേവന ചെലവുകൾ

സംസ്ഥാന വ്യാപകമായി വകുപ്പുനടത്തുന്ന മിന്നൽപരിശോധനകൾക്കും അഴിമതിപ്രതിരോധ നടപടികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17—ചെറുകിടമരാമത്തുപണികൾ

നടപ്പുവർഷം ഈ ശീർഷകത്തിൽ 10,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—<u>മറ്റു ചെലവുകൾ</u>

State Whistle Blower Protection Policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—<u>പി.ഒ.എൽ.</u>

ഈ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 176 വാഹനങ്ങളുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുക്കുമ്പോൾ നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ അധിക തുകയായി 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-104-99-98—<u>വിജിലൻസിന്റെ ആധുനികവത്കരണം</u>

വിജിലൻസ് വകുപ്പ് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷനുകളിൽ അടിയന്തിരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി വകുപ്പിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങളുടെ അവസ്ഥ വകുപ്പുദ്യോഗസ്ഥൻ സമിതി മുമ്പാകെ വിശദീകരിച്ചു. 2,50,000 കിലോമീറ്ററിൽ കൂടുതൽ ഓടിയതും 15 വർഷം കഴിഞ്ഞതുമായ 1513 വണ്ടികൾ ഡിപ്പാർട്ട്മെന്റിന്റെ കൈവശമുണ്ടെന്നും 1500-ഓളം വണ്ടികൾ കണ്ടംചെയ്യേണ്ട അവസ്ഥയിലാണെന്നും 200 വണ്ടികളെങ്കിലും അടിയന്തിരമായി വാങ്ങിയില്ലെങ്കിൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടാകുമെന്നും പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ വാഹനങ്ങൾ സംസ്ഥാന ഗവൺമെന്റ്തന്നെ ലഭ്യമാക്കണമെന്നതാണ് വ്യവസ്ഥയെന്നും ഇക്കാരണങ്ങളാൽ, നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിരിക്കുന്ന 40,92,64,000 രൂപ തീരെ അപര്യാപ്തമായതിനാൽ, 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

വിജിലൻസ് വകുപ്പിൽ ഉപയോഗത്തിലിരിക്കുന്ന 1500-ഓളം വണ്ടികൾ കണ്ടം ചെയ്യേണ്ട അവസ്ഥയിലാണെന്നും, 200 വണ്ടികളെങ്കിലും അടിയന്തിരമായി വാങ്ങിയില്ലെങ്കിൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ വാഹനങ്ങൾ സർക്കാർ തന്നെ ലഭ്യമാക്കേണ്ടതായതിനാൽ മോഡേണൈസേഷനുള്ള വിഹിതത്തിൽ നിന്നും ഇതിനുള്ള ചെലവു വഹിക്കുവാൻ കഴിയുകയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ വണ്ടികൾ വാങ്ങുന്നതിനായി അടിയന്തിരമായി 3 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-104-98—<u>വിജിലൻസ് വകുപ്പിന്റെ നവീകരണം</u>

വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ബയോമെട്രിക് ബെയ്സ്ഡ് സ്മാർട്ട് കാർഡ് ഇന്റഗ്രേറ്റഡ് ടൈം ആന്റ് അറ്റൻഡൻസ് സിസ്റ്റം, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥരുടെ പരിശീലനത്തിനുമായി ഈ ശീർഷകത്തിൽ ലഭ്യമായ തുക മതിയാവുകയില്ല എന്ന് സമിതി വിലയിരുത്തുന്നതിനാൽ ഈയിനത്തിൽ 11 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105—സ്പെഷ്യൽ എൻക്വയറി കമ്മീഷനുകൾ

വാഹനങ്ങൾക്കുള്ള ഇന്ധന ചെലവിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 34 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ, വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 8 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കമ്മീഷനുകളിലെ വാഹനങ്ങൾക്കുള്ള ഇന്ധന ചെലവിനത്തിൽ 42 കോടി രൂപ ആവശ്യപ്പെട്ടതിൽ ആകെ വകയിരുത്തിയിരിക്കുന്ന 34 കോടി രൂപ അപര്യാപ്തമായതിനാൽ 8 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-106—സിവിൽ ഡിഫൻസ്

സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 2011-12 വർഷത്തിൽ അനുവദിച്ച 60 ലക്ഷം രൂപ ചെലവഴിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി 60 ലക്ഷം രൂപ വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കി. തുടർന്ന് ഈയിനത്തിൽ 2012-13 വർഷത്തിൽ അനുവദിച്ച 3,84,000 രൂപ കിഴിച്ച് ബാക്കി തുകയായ 56,16,000 രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-107-99—ഹോം ഗാർഡ്സ്

സംസ്ഥാനത്ത് ഹോം ഗാർഡുകളുടെ പ്രവർത്തനം 2010 ജനുവരിയോടെ പുനരാരംഭിച്ചതായും 3000 ഹോം ഗാർഡുകളെ വിന്യസിച്ചിരിക്കുന്നതായും സമിതി മനസ്സിലാക്കി. പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുകയാണ് ഇവരുടെ കർത്തവ്യമെന്നും ഹോം ഗാർഡുകളുടെ നിലവിലെ ദിവസവേതനം 350 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഹോം ഗാർഡുകൾക്ക് ഈ സാമ്പത്തികവർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ല എന്നും സമിതി വിലയിരുത്തി. ആകയാൽ അഡീഷണൽ ഫണ്ടായി 12,94,50,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108—അഗ്നിപ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

05-4—മറ്റിനങ്ങൾ

ഫയർ ആന്റ് റസ്ക്യൂവിനായി ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചിട്ടില്ലെന്നും കഴിഞ്ഞ ആറേഴുവർഷമായി ജീവനക്കാർക്ക് യൂണിഫോം മെറ്റീരിയൽസ് കൊടുത്തിട്ടില്ലെന്നും 20 വർഷത്തോളം പഴക്കമുള്ള ഫയർ എഞ്ചിനുകളാണ് നിലവിൽ ഉപയോഗത്തിലിരിക്കുന്നതെന്നും അതിന്റെ റീപ്ലേയ്സ്മെന്റിനായി പണം ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ചിട്ടില്ലെന്നും 'അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം' എന്ന ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി 42 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ട ആധുനിക രക്ഷാസാമഗ്രികളുടെ കുറവും രക്ഷാഭടന്മാർക്കുള്ള ആധുനിക രക്ഷാകവചങ്ങളുടെ അഭാവവും രക്ഷാപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി വിലയിരുത്തി. അപകടങ്ങൾ ഉണ്ടാകുമ്പോൾ ഹൈറൈസ് ബിൽഡിംഗുകളിൽ നിന്നും ആളുകളെ രക്ഷിക്കുന്നതിനായി ആധുനിക ഫയർ എഞ്ചിനുകൾ, സ്കൈലിഫ്റ്റ് ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികളും അവ പ്രവർത്തിപ്പിക്കുവാൻ പരിശീലനം ലഭിച്ചവരും ആവശ്യമാണ്. കൂടാതെ വെള്ളത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനായി മുങ്ങൽ പരിശീലനം സിദ്ധിച്ചവരേയും രക്ഷാസേനയ്ക്ക് ആവശ്യമാണ്. ദുരന്ത ബാധിത പ്രദേശങ്ങളിലേക്ക് വളരെ വേഗത്തിലെത്തിച്ചേർന്ന് രക്ഷാപ്രവർത്തനം നടത്തത്തക്കവിധത്തിൽ മുങ്ങൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന രക്ഷാപ്രവർത്തകവിഭാഗത്തെ ജില്ലാടിസ്ഥാനത്തിൽ നിയോഗിക്കുന്നതും ആവശ്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഡിസാസ്റ്റർ വകുപ്പുമായി യോജിച്ചു പ്രവർത്തിക്കേണ്ട വകുപ്പെന്ന നിലയിൽ അഗ്നിശമന രക്ഷാസേനവകുപ്പിന് രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്നും ലഭിക്കുവാനുള്ള സാദ്ധ്യതയും അഗ്നിശമന സേനാവിഭാഗം നവീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുവാനുള്ള മാർഗ്ഗവും ആരായണമെന്ന് സമിതി നിർദ്ദേശിച്ചു. മേൽ സൂചിപ്പിച്ച ആവശ്യങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ അഗ്നിശമന സേനാവിഭാഗം നവീകരിക്കുന്നതിനും ദുരന്തങ്ങൾ നേരിടുന്നതിന് സുസജ്ജമാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുവാൻ സമിതി ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

തുടർന്ന്, അഗ്നിപ്രതിരോധവും നിയന്ത്രണവും എന്ന ശീർഷകത്തിൽ ഓരോ ഇനത്തിനും അനുവദിച്ച തുക കൂടാതെ അധികതുക വകയിരുത്തുന്നതിന് വകുപ്പ് സമർപ്പിച്ച നിർദ്ദേശങ്ങൾ സമിതി ചർച്ച ചെയ്യുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു :

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നല്കേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനുളള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വർഷങ്ങളായി ബജറ്റിൽ ഒരു തുകയും വകയിരുത്താത്തതിനാൽ കഴിഞ്ഞ കുറേ വർഷങ്ങളായി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗത്തിന് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നൽകേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങി നല്കാൻ സാധിച്ചിട്ടില്ല. 2009-2010 വർഷത്തിലും 2011-2012 വർഷത്തിലും തുക അനുവദിക്കുന്നതിനു സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഇതിനായി തുക അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുകയും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും അവർ സുരക്ഷിതരായിതന്നെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമായതിനാലും ഈ ശീർഷകത്തിൽ 1,17,85,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—വാഹനം വാങ്ങൽ

ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കുന്നതിന് 2010-2011, 2011-2012 വർഷങ്ങളിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പു വർഷവും ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സേവന മേഖലയുടെ പ്രവർത്തനശേഷി കൂട്ടുന്നതിന് വാഹനങ്ങളുടെയും യന്ത്രസാമഗ്രി കളുടെയും ലഭ്യത ഉറപ്പുവരുത്തേണ്ടതിനാൽ ഈയിനത്തിൽ 5 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

(01)—ജില്ലാ ജീവനക്കാർ

04—യാത്രാ ചെലവുകൾ

ശബരിമല തീർത്ഥാടനകാലത്ത് അഗ്നിശമന സുരക്ഷാ പ്രവർത്തനങ്ങൾക്കായി അനേകം ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ട് എന്നത് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

ഈ ഇനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-97—അഗ്നിപ്രതിരോധവും നിയന്ത്രണവും-പരിശീലനം

നിലവിലെ ഹോം ഗാർഡുകളുടെ എണ്ണം 3000-ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ആലോചിക്കുന്നതിനാൽ അവർക്ക് പരിശീലനം നൽകുന്ന ചെലവിലേക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ശേഷി ക്കുന്ന 20,38,000 രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-96—അഗ്നിപ്രതിരോധവും നിയന്ത്രണവും-മറ്റ് ചെലവുകൾ

ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, കോടതി ചെലവുകൾ, ജീവനക്കാർക്ക് നൽകുന്ന പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ പര്യാപ്ത മല്ലത്തതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-94—അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

അത്യാധുനികമായ അഗ്നിശമന രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും അഗ്നിശമന രക്ഷാ സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമുള്ള ചെലവു വഹിക്കുന്നത് ഈ

ശീർഷകത്തിൽ നിന്നുമാണ്. കഴിഞ്ഞ വർഷവും ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിരുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ വകുപ്പ് നിർദ്ദേശിച്ച 12,42,00,000 രൂപ തന്നെ അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-96—മലയാളം മിഷൻ

ഇൻഡ്യയ്ക്കുള്ളിൽ തന്നെ മലയാളം മിഷൻ ആരംഭിക്കാത്ത സിറ്റികളിൽ പുതിയതായി മലയാളം മിഷന്റെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണെന്നും ഈ വർഷം 3,44,00,000 രൂപ ആവശ്യപ്പെട്ടതിൽ 25 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചതെന്നും, ഈ തുക തീരെ അപര്യാപ്തമായതിനാൽ, ബാക്കി തുക കൂടി അനുവദിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2012-13 സാമ്പത്തിക വർഷത്തിൽ പാഠപുസ്തകങ്ങളുടെയും കൈപ്പുസ്തകങ്ങളുടെയും റീപ്രിന്റിംഗ്, പുസ്തക-കൈപ്പുസ്തക വിതരണം, അദ്ധ്യാപക പരിശീലനം, പാഠ്യപദ്ധതിക്കുള്ള ഓഡിയോ-വീഡിയോ മെറ്റീരിയൽസ് തയ്യാറാക്കൽ, പഠനകേന്ദ്രങ്ങളിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, പഠിതാക്കൾക്കുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, പഠനയാത്രകൾ, പുതിയ പഠനകേന്ദ്രങ്ങൾ, മാഗസിൻ, ബ്രോഷർ, മലയാളം മിഷൻ വെബ്സൈറ്റ്, മുംബൈയിലും ചെന്നൈയിലും റഫറൻസ് ലൈബ്രറികൾ, പൊതുമാർഗ്ഗരേഖ തയ്യാറാക്കി വിതരണം, മിഷൻ വാർഷികാഘോഷം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, മലയാള നോവൽ ചരിത്രത്തെക്കുറിച്ചുള്ള മൾട്ടി മീഡിയാ ലിറ്ററേച്ചറിന്റെ നിർമ്മാണവും പ്രവർത്തനവും, നാടൻപാട്ടുകൾ, കവിതകൾ, കഥകൾ എന്നിവയുടെ നിർമ്മാണവും വിതരണവും, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ നടത്താവുന്ന പരിശീലന പരിപാടികൾ എന്നിവയ്ക്കായി അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും ഇതിലേക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XIV—പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-03-800-93—ജസ്റ്റീസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള കമ്മിറ്റി

06-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ജസ്റ്റീസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനു വേണ്ടി സ്റ്റൈപ്പന്റിനും സ്കോളർഷിപ്പിനുമായി അനുവദിച്ചിരിക്കുന്ന 6 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ, 4 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയോട് ആവശ്യപ്പെട്ടു. ഈ ഇനത്തിൽ 4 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുമായി താഴെപ്പറയും പ്രകാരം തുക അധികമായി വകയിരുത്തേണ്ടതുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു.

21-1—വാഹനം വാങ്ങൽ

ഈ ഇനത്തിൽ 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17—ചെറുകിട മരാമത്തു പണികൾ

ഈ ഇനത്തിൽ 19,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-800-83—സ്ത്രീസ്വയംസഹായ ഗ്രൂപ്പ് മുഖേനയുള്ള സ്ത്രീ ശാക്തീകരണം

കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകൾക്ക് സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 9 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ന്യൂനപക്ഷ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതും അതിനായി അവരുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനും അഭിവൃദ്ധിക്കുമായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും സർക്കാരിന്റെ പ്രധാന കർത്തവ്യങ്ങളിൽപ്പെടുന്നതായി വിലയിരുത്തിക്കൊണ്ട് അപ്രകാരം നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിനായി അനുവദിക്കേണ്ട വിഹിതം സംബന്ധിച്ചും താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു :

(i) മുസ്ലീം യുവജനതയുടെ ഇടയിൽ വർദ്ധിച്ചുവരുന്ന വിവാഹബന്ധം വേർപ്പെടുത്തൽ ഒരു പരിധിവരെ ഇല്ലാതാകുംവിധം താലൂക്കുതലത്തിൽ ജമാ അത്ത് കമ്മിറ്റികളുടെ സഹായത്തോടെ പ്രീ മാരിറ്റൽ കൗൺസിലിംഗിനുള്ള സംവിധാനം ക്രമീകരിക്കുന്നതിന് ഓരോ താലൂക്കിലേക്കും 50,000 രൂപ ക്രമത്തിൽ 63 താലൂക്കിനുമായി ഒരു വർഷത്തേക്ക് 31 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(ii) ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വ്യക്തിത്വ വികസന പ്രോഗ്രാമുകൾ

ന്യൂനപക്ഷ യുവജനതയ്ക്കായി ഹൈസ്ക്കൂൾ, +2 തലത്തിൽ ഒന്നിച്ചും ബിരുദ വിദ്യാർത്ഥികൾക്ക് വേറെയുമായി ജില്ലാതലത്തിൽ രണ്ടുദിവസത്തെ റസിഡൻഷ്യൽ പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തുന്നതിനായി ഒരു ജില്ലയ്ക്ക് 2 പ്രോഗ്രാമുകൾ വീതം പതിനാലു ജില്ലയ്ക്കായി 28 പ്രോഗ്രാമുകളും ഓരോ പ്രോഗ്രാമിനും 1,74,000 രൂപ വീതം ആകെ 48 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(iii) ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കായുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ

ജീവിതലക്ഷ്യം നേടുന്നതിനുതകുംവിധം അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തമാക്കത്തക്കരീതിയിൽ കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 10, 12, ബിരുദം എന്നീ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വേണ്ടി വെക്കേഷൻ കാലത്ത് സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും ഓരോ പ്രോഗ്രാമെന്ന നിലയ്ക്ക് ഓരോ പ്രോഗ്രാമിനും 70,000 രൂപ വീതം പതിനാലു ജില്ലയ്ക്കുമായി 9,80,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(iv) ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ സർക്കാർ ആശുപത്രികളോട് ചേർന്ന് ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ആരംഭിക്കുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പരിശോധനകളും അല്ലാത്തവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും പരിശോധനയ്ക്ക് അവസരമുണ്ടാക്കുന്നതിനായി ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ഓരോ ലാബിനും 50 ലക്ഷം രൂപാ നിരക്കിൽ നൽകുന്നതിനായി 35 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(v) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽ കിണറുകൾ നിർമ്മിക്കുകയോ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലവിതരണ സംവിധാനം ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലേക്ക് ദീർഘിപ്പിച്ചോ നടപ്പാക്കാവുന്നതാണ്. ഇതിനായി 17.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(vi) നിർമ്മാണം കഴിഞ്ഞ് രണ്ടു വർഷമോ അതിൽക്കൂടുതലോ ആയിട്ടും ജനലും വാതിലും ഇല്ലാത്ത ഭവനങ്ങളുള്ള ന്യൂനപക്ഷ ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്നവരുടെ ഭവനങ്ങളിൽ ജനലും വാതിലും സ്ഥാപിക്കുന്നതിന് ഒരാൾക്ക് 30,000 രൂപ നിരക്കിൽ ഒരു വർഷം 5000 പേർക്ക് വീതം ആകെ 15 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(vii) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലും അവിടേക്കുള്ള പൊതുവഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

ജയിലുകളിൽ സൗരോർജ്ജം പദ്ധതി നടപ്പാക്കുന്നതുവഴി ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 1.5 കോടി രൂപയുടേയും വാട്ടർച്ചാർജിനത്തിൽ ഒരു കോടി രൂപയുടേയും ഗ്യാസ് ഇനത്തിൽ 40 ലക്ഷം രൂപയുടേയും സേവിംഗ് ഉണ്ടാകുമെന്നും ചപ്പാത്തി വിൽപ്പനയിലൂടെ കഴിഞ്ഞവർഷം 89 ലക്ഷം രൂപയുടെ ലാഭം ലഭിച്ചിരുന്നുവെന്നും ഇക്കൊല്ലം 2 കോടിയോളം രൂപയുടെ ലാഭം പ്രതീക്ഷിക്കുന്നതായും

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) സമിതിയെ അറിയിച്ചു. ഇപ്രകാരം ലഭിക്കുന്ന ലാഭത്തിൽ നിന്നും കുറച്ചുതുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതിനുള്ള അനുവാദം നൽകിയാൽ മാത്രം മതിയെന്നും ജയിൽ നടത്തിപ്പിനായി അധികതുക ആവശ്യമില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു.

അധികവരുമാനത്തിൽ നിന്ന് തുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതിന് സമിതിയുടെ ശുപാർശ ആവശ്യമില്ല എന്ന് വ്യക്തമാക്കിയ സമിതി, ജയിൽ വകുപ്പിന്റെ പ്രവർത്തനം മാതൃകാപരവും വളരെയധികം അഭിനന്ദനം അർഹിക്കുന്നതുമാണെന്ന് വിലയിരുത്തി.

16-4-2012-ൽ ചേരാൻ നിശ്ചയിച്ചിരുന്ന യോഗത്തിൽ പരിഗണിക്കേണ്ടിയിരുന്ന 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 4-5-2012-ന് അടുത്ത യോഗം ചേരാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 2012 മേയ് 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2012 മേയ് മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് പ്രത്യേക ക്ഷണിതാവായി ഹാജരായ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. ബെന്നി ബെഹനാൻ
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്
2. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
3. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്
4. ശ്രീ. ടി. കെ. മനോജ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
5. ശ്രീ. സി. പി. രാമരാജ പ്രേമ പ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
7. ശ്രീ. റ്റി. ജെ. മാത്യു, സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാരവും വിവര സാങ്കേതിക വിദ്യയും വകുപ്പ്
8. ശ്രീ. എസ്. പി. രാജയ്യ, സെക്രട്ടറി, സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ
9. ശ്രീമതി എസ്. ശ്രീല, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
10. ശ്രീ. വി. കെ. ബാലകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി & ഡയറക്ടർ (സി.പി.എം.യു.), പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്
11. ശ്രീ. നോയൽ തോമസ്, ഡയറക്ടർ & സി.ഇ.ഒ., നോർക്ക
12. ശ്രീ. എ. ഫിറോസ്, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
13. ശ്രീ. എം. സന്തോഷ്കുമാർ, ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്
14. ശ്രീമതി ടി. ഇ. മേഴ്സിഭായ്, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് & (സ്പെഷ്യൽ ഓഫീസർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)
15. ശ്രീമതി എലിസബത്ത് കോശി, അഡീഷണൽ സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്
16. ശ്രീമതി കെ. പി. ശ്രീലാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീ. ടി. വി. അനിൽകുമാർ, രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

18. ശ്രീ. ആർ. എസ്. കണ്ണൻ, ജോയിന്റ് സെക്രട്ടറി, നോർക്ക വകുപ്പ്

19. ശ്രീ. എം. ഷെറീഫ്, ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

20. ശ്രീ. ഇ. എസ്. ജോൺസൺ, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

21. ശ്രീ. എസ്. എസ്. കുമാർ, കൺട്രോളർ ഓഫ് സ്റ്റേഷനറി.

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XXIII, XXIV എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു :

## ധനാഭ്യർത്ഥന II

2013—മന്ത്രിസഭ

2013-00-800-98—മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷനേതാവിന്റേയും ഗാർഹിക ചെലവുകൾ

ക്ലിഫ് ഹൗസ് കോമ്പൗണ്ടിലും കന്റോൺമെന്റ് ഹൗസ് കോമ്പൗണ്ടിലും പുതുതായി നിർമ്മിച്ച ആറ് കെട്ടിടങ്ങൾക്കാവശ്യമായ ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിന് അധിക തുക ആവശ്യമായുണ്ടെന്നും 2012-2013 വർഷത്തെ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്ന 3,14,25,000 രൂപ അപര്യാപ്തമായതിനാൽ, ഈ ഇനത്തിൽ മൊത്തം 4,21,40,000 രൂപ അനുവദിക്കണമെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിർമ്മാണം പൂർത്തീകരിച്ച 6 മന്ത്രിമന്ദിരങ്ങളിലേക്കായി ഫർണിച്ചർ വാങ്ങുന്നതിന് ഉൾപ്പെടെ മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷ നേതാവിന്റേയും ഗാർഹിക ചെലവുകൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 4,21,40,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമെ 1,07,15,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെപേഴ്സണൽ അസിസ്റ്റന്റുമാരുടെ വേതനവും അലവൻസുകളും

പേഴ്സണൽ അസിസ്റ്റന്റുമാരായി നിലവിൽ പ്രവർത്തിക്കുന്ന 23 പേർക്കായി ശമ്പളയിനത്തിൽ പ്രതിമാസം എകദേശം 6 ലക്ഷം രൂപ വീതം ചെലവ് വരുന്നതിനാൽ, 2012-2013 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ മൊത്തം 85,00,000 രൂപ ആവശ്യമാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റു മാരുടെ വേതനവും അലവൻസുകളും നൽകുന്നതിന് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം അപര്യപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ശമ്പളയിനത്തിൽ പ്രതിമാസം 6,00,000 രൂപ ചെലവ് വരുന്നതിനാൽ 40,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കു കയും ചെയ്തു.

2052-00-090-95—നിയമ വകുപ്പ്

05-4—മറ്റിനങ്ങൾ

നിയമ വകുപ്പിന്റെ ഓഫീസ് മുറികളുടെ അറ്റകുറ്റ പണികൾ ഉൾപ്പെടെയുള്ള വയ്ക്കായി 92,05,000 രൂപ നിർദ്ദേശിച്ചെങ്കിലും 34,97,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ഇത് അപര്യാപ്തമായതിനാൽ ബാക്കി 57,08,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റുചെലവുകൾ

മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദ മായും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് പദ്ധതി യുടെ ഡാറ്റാ എൻട്രി ജോലി നടന്നുവരികയാണ്. കെൽട്രോൺ ഏറ്റെടുത്തു നടത്തുന്ന പ്രസ്തുത ജോലി പൂർത്തിയാകുന്നമുറയ്ക്ക് അതിനുള്ള പേയ്മെന്റ് നൽകേണ്ടതുണ്ട്. ഇതോടനുബന്ധിച്ച് സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ കാർഡ് തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് എന്നും ഈ പദ്ധതി വിപുലീകരിക്കേണ്ടതുണ്ട് എന്നും ആയതു സംബന്ധിച്ച് ഉണ്ടായേക്കാവുന്ന പ്രധാന ചെലവുകളും പ്രോജക്ട് നടത്തിപ്പിനായി എൻ.ഐ.സി.ക്ക് ആറു ലക്ഷം രൂപ അധികമായി നൽകേണ്ടതായി വരുന്നതുമുൾപ്പെടെ 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 50 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തി.

പാർലമെന്ററി ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് അതുല്യ സംഭാവനകൾ നൽകിയ സാമാജികരുടെ ചിത്രങ്ങളുടെ ഒരു ഗ്യാലറി സജ്ജീകരിക്കുക എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ ഇതുവരെയുള്ള എല്ലാ മുഖ്യമന്ത്രിമാരുടെയും സ്പീക്കർമാരുടെയും ഹോളോഗ്രാഫിക് ചിത്രങ്ങളും മൾട്ടിമീഡിയ പ്രസന്റേഷനും ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് 2008-09 വർഷം 95,70,000 രൂപ വകയിരുത്തിയതിൽ 50 ലക്ഷം രൂപ സി-ഡിറ്റിന് മുൻകൂറായി അനുവദിച്ചു. ഈ പദ്ധതി പൂർത്തിയാക്കാൻ 50 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു.

മേൽവിവരിച്ചിട്ടുള്ള ആവശ്യങ്ങൾക്കും ഭരണച്ചെലവുകൾക്കുമായി ആകെ 112 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 10,80,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

21-1—വാഹനം വാങ്ങൽ

മുഖ്യ വിവരാവകാശ കമ്മീഷണർക്കും മറ്റു നാലു കമ്മീഷണർമാർക്കും അനുവദിച്ച ഏകദേശം 7 വർഷം പഴക്കമുള്ള വാഹനങ്ങൾ P.W.D. മെക്കാനിക്കൽ വിംഗ് പരിശോധിച്ച് അവ ഉപേക്ഷിക്കുവാൻ ശുപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പുതുതായി അഞ്ച് കാറുകൾ വാങ്ങുന്നതിനായി 60,00,000 രൂപ ആവശ്യമാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മുഖ്യ വിവരാവകാശ കമ്മീഷണർക്കും മറ്റു നാലു കമ്മീഷണർമാർക്കും ഉപയോഗത്തിനായി പുതിയ 5 കാറുകൾ വാങ്ങുന്നതിന് 60,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**വിവരസാങ്കേതികവിദ്യാ വകുപ്പ്**

3451-00-101-43—സ്ത്രീകളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള വിഭവ കേന്ദ്രം

വനിതകളുടെ വിവരസാങ്കേതികവിദ്യകളിലെ കഴിവുകളെ പ്രചോദിപ്പിച്ച് നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിച്ച്, പുതിയ ജോലി സാദ്ധ്യത ഉറപ്പു വരുത്തുന്നതിലേക്കായി കേരളത്തിലെ 16 കോളേജുകളിൽ വുമൺ റിസോഴ്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യ വിദഗ്ദ്ധരായി വനിതകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി കഴിഞ്ഞ സാമ്പത്തിക വർഷം 4 പുതിയ കോളേജുകളിൽക്കൂടി വുമൺ റിസോഴ്സ് സെന്റർ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ അതിനുവേണ്ടി 12.32 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

3451-00-101-86—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്ഥാപിക്കൽ

പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സുഗമമായ ഉപയോഗം ലഭ്യമാക്കുന്നതിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക, വിജ്ഞാനവും വിവരങ്ങളും പങ്കുവെയ്ക്കുന്നതിനായി സർക്കാർ ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉള്ള ഐ. സി. ഫോസ്സിന് സ്വന്തമായി ഒരു ക്യാമ്പസ് ആവശ്യമാണെന്നുള്ളതിനാൽ അതിനായി ഭൂമി വാങ്ങുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്യാമ്പസിനുള്ള ഭൂമി വാങ്ങുന്നതിനായി 3 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-87—കേരള വിവര സാങ്കേതികത്വ സർവ്വീസ് സൊസൈറ്റി-സഹായധനം

36—സഹായധനം-ശമ്പളേതരം

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ പ്രവർത്തനത്തിനും പി.ജി. ഡിപ്ളോമ ഇൻ ഇ-ഗവേണൻസ്, സ്പെഷ്യൽ പോസ്റ്റ് ഗ്രാജുവേറ്റ് എഡ്യൂക്കേഷൻ എക്സ്പാൻഷൻ ഡ്രൈവ് ഇൻ ഐ.റ്റി. (സ്പീഡ് ഐ.ടി.) എന്നീ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം 133 ലക്ഷം രൂപ, 4 ലക്ഷം രൂപ, 199.2 ലക്ഷം രൂപ എന്നിങ്ങനെ ഈ ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-91-31—കേരള വിവര സാങ്കേതിക വിദ്യ-സഹായധനം ശമ്പളം

ഐ.ടി. യൂണിറ്റുകൾക്കുള്ള പ്രോത്സാഹന പരിപാടികളുടെ നടത്തിപ്പാണ് ഐ.പി.എം.സി. നിർവ്വഹിക്കുന്നത്. രാജ്യത്ത് ഏറ്റവും ആവശ്യമായ ഐ.ടി. ഡസ്റ്റിനേഷനായി കേരളത്തെ മാറ്റുക എന്ന ഉദ്ദേശ്യത്തോടെ പ്രോത്സാഹനങ്ങളുടെ ഒരു പാക്കേജ് നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഈ സ്കീമിൽ അർഹതയുള്ള ഐ.ടി. യൂണിറ്റുകൾക്ക് പ്രോത്സാഹനങ്ങൾ ലഭ്യമാക്കുക, ഐ.ടി. യൂണിറ്റുകൾക്ക് സഹായവും ഐ.ടി. മിഷന്റെ ഭരണ ചെലവും, ഐ.ടി. മിഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നിവ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതായി സമിതി വിലയിരുത്തി.

പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തേക്ക് നീക്കിവച്ചിട്ടുള്ള 90 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാലും പദ്ധതിയുടെ നടത്തിപ്പിനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ 562 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും അനുവദിച്ച 90 ലക്ഷത്തിനു പുറമെ 472 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി തുക വകയിരുത്തിയ 3451-00-101-94 എന്ന ശീർഷകത്തിൽ ഇക്കൊല്ലം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും ഉയർത്തുന്ന വികസന രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങളോടെ സംസ്ഥാന ആസൂത്രണ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതിനാലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാങ്ങിയ കമ്പ്യൂട്ടറുകൾക്കും നിലവിൽ ഉപയോഗത്തിലിരിക്കുന്ന കമ്പ്യൂട്ടറുകളുടേയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 3451-00-101-99 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന III—നീതിന്യായ നിർവ്വഹണം

2014-00-102-99—ഹൈക്കോടതി

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വാഹനം വാങ്ങുന്നതിനായി 1,000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നതെന്നും 7 കാറുകളും ഒരു മിനി ബസും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 81 ലക്ഷം രൂപ അനുവദിക്കണ മെന്നും ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു.

ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 7 കാറുകളും കേരളാ ജൂഡീഷ്യൽ അക്കാഡമിയുടെ മാത്രം ഉപയോഗത്തിനായി ഒരു മിനി ബസും വാങ്ങുന്നതിനായി 2012-13 വർഷത്തെ എസ്റ്റിമേറ്റിൽ 81,00,000 രൂപ ഉൾപ്പെടുത്തി യിരുന്നെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ ഹെഡിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ആവശ്യങ്ങളിലേക്ക് ആവശ്യപ്പെട്ട തുക അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-102-98—ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ

ഹൈക്കോടതി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനായി ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, 36 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമരംഗത്തെ ഏറ്റവും പുതിയ വിവരങ്ങൾ ന്യായാധിപന്മാരിലേക്കെത്തിച്ച് നീതി നിർവ്വഹണം മേന്മയേറിയതാക്കാൻ ധാരാളം നിയമ ഗ്രന്ഥങ്ങളും സി.ഡികളും ലഭ്യമാക്കേണ്ടതുള്ളതിനാൽ നിയമ ജേർണലുകൾ, സി.ഡി.കൾ ഇവയുടെ വരി സംഖ്യ, ഹൈക്കോടതി ലൈബ്രറിയിലേക്കും ജഡ്ജിമാരുടെ വസതി-ആഫീസ് ലൈബ്രറികളിലേക്കും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി 56,20,000 രൂപ ഈ ഹെഡിൽ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി 36,20,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

34—മറ്റ് ചെലവുകൾ

ഷെട്ടി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജുഡീഷ്യൽ ഓഫീസർമാരുടെ വസതി-ലൈബ്രറി ഒരുക്കൽ, ഡ്രോയിംഗ് റൂം ഫർണിഷിംഗ് അലവൻസ് എന്നിവയ്ക്കായി 85,000 രൂപയും ലൈബ്രറി പുസ്തകങ്ങൾ, നിയമ സി.ഡി.-കൾ എന്നിവയുടെ വിലയായി 19,242 രൂപയും

ഓരോ ജുഡീഷ്യൽ ഓഫീസർക്കും നൽകുവാൻ തീരുമാനിച്ചിട്ടുളളതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,35,04,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

'ഇ-കോടതി' പദ്ധതി പ്രകാരമുളള കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS എന്നിവ വാങ്ങി സ്ഥാപിച്ചു നൽകുന്നതിന് ഈ ശീർഷകത്തിൽ 2,67,95,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-85-'ഇ'-കോടതി നടപ്പാക്കൽ

രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായുളള സമഗ്ര പദ്ധതിയാണ് ഇ-കോർട്ട് പദ്ധതിയെന്നും കേന്ദ്ര സർക്കാർ മുഴുവൻ ചെലവും വഹിക്കുന്ന ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ച 6,22,17,771 രൂപയിൽ നിന്നും 2,69,55,461 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2012-13 കാലയളവിൽ തന്നെ ഈ പദ്ധതി പൂർത്തിയാക്കുന്നതിനായി ബാക്കി തുകയായ 3,52,61,310 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സബോർഡിനേറ്റ് കോടതികളിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ**

34—മറ്റ് ചെലവുകൾ

എല്ലാ കോടതികളിലേക്കും ഫർണിച്ചർ വാങ്ങുന്നതിനും കോടതികൾ ഫർണിഷ് ചെയ്യുന്നതിനും ന്യായാധിപന്മാർക്ക് എക്സിക്യൂട്ടീവ് കസേരകൾ, മേശകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി 8.89 കോടി രൂപയുടെ അധിക ഗ്രാന്റാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വർഷം സബോർഡിനേറ്റ് കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഫർണിച്ചർ വാങ്ങൽ, വ്യവഹാരികളായെത്തുന്ന പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവ) ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 8,89,26,000 രൂപ (ഫർണിച്ചറിനായി 5,66,84,000 രൂപയും ന്യായാധിപന്മാർക്ക് എക്സിക്യൂട്ടീവ് കസേരകൾ, മേശകൾ എന്നിവയ്ക്ക് 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറുകൾക്ക് 1,29,17,000 രൂപയും) അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

21.1—വാഹനം വാങ്ങൽ(105-99, 108-99, 117-99)

സുപ്രീംകോടതി ഉത്തരവുകൾ, ഒന്നാം നാഷണൽ ജുഡീഷ്യൽ പേ കമ്മീഷൻ ശുപാർശകൾ, ജസ്റ്റീസ് ഇ. പത്മനാഭൻ കമ്മീഷൻ ശുപാർശകൾ ഇവ നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ യാത്രാ സൗകര്യങ്ങൾ ജുഡീഷ്യൽ ഓഫീസർമാർക്ക്

നൽകേണ്ടതുള്ളതിനാൽ പ്രസ്തുത ഓഫീസർമാരുടെ ഉപയോഗത്തിലേക്കായി 13 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി (കാർ ഒന്നിന് 6.5 ലക്ഷം രൂപ നിരക്കിൽ) ഈ ശീർഷകത്തിൽ 84,50,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ കോടതികൾ/ട്രിബ്യൂണലുകൾ സ്ഥാപിക്കൽ**

പ്ലാൻ കാലയളവിൽ 89 കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഈ പദ്ധതിയിൽ 2012-13 കാലയളവിൽ 16 കോടതികൾ സ്ഥാപിക്കേണ്ടതുള്ളതിനാൽ കോടതികൾക്കായുള്ള ഫർണിച്ചർ വാങ്ങുന്നതിന് 1,09,00,000 രൂപയും കമ്പ്യൂട്ടർ വാങ്ങുന്നതിന് 80,50,000 രൂപയും നിയമ ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് 15,50,000 രൂപയും അങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആകെ 2,05,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കീഴ്‌കോടതികളുടെ ആധുനികവത്കരണം**

സംസ്ഥാനത്തെ 500 ഓളം വരുന്ന കോടതികൾ ആധുനികവത്കരിക്കുന്നതിനായി 6,98,50,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-93—കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി

34—മറ്റു ചെലവുകൾ

താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റികളിലേക്ക് പുതിയതായി നിയമിച്ച സ്റ്റാഫിനും മീഡിയേഷൻ നടത്തുന്ന മീഡിയേറ്റർമാർക്കും ശമ്പളം കൊടുക്കേണ്ടതായുള്ളതിനാലും നിയമപാഠപുസ്തകം എന്ന പേരിൽ ഒരു പബ്ലിക്കേഷൻ ലീഗൽ സർവ്വീസസ് അതോറിറ്റി പുറത്തിറക്കുന്നതിനാൽ അതിന്റെ ആവശ്യത്തിലേക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്ന 4 കോടി രൂപ കൂടാതെ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മുഖ്യ ലക്ഷ്യം നിയമ സേവന പ്രവർത്തനങ്ങളാണെന്നും നിയമ ബോധന ക്ലാസ്സുകളും നിയമ സേവന ക്ലിനിക്കുകളും ടെലിഫോൺ മുഖേനയുള്ള നിയമ സേവന സംവിധാനവുമെല്ലാം നൽകി വരുന്ന ഈ അതോറിറ്റി എല്ലാ വർഷവും 6 ലക്ഷത്തോളം വരുന്ന 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും 1 ലക്ഷത്തോളം വരുന്ന 2-ാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും കൂടാതെ കുടുംബശ്രീ അംഗങ്ങൾക്കും നിയമ ബോധന ക്ലാസ്സുകൾ നടത്തി വരുന്നു എന്നും ഇവർക്കെല്ലാം നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ബുക്കുകളും തയ്യാറാക്കി സൗജന്യമായി നൽകിവരുന്നുണ്ടെന്നും സമിതി വിലയിരുത്തി. ചെലവു കുറഞ്ഞ തർക്ക പരിഹാരമാർഗ്ഗമായി ലോക് അദാലത്തുകൾ നടത്തുന്ന ചുമതലയും അതോറിറ്റി നിർവ്വഹിക്കുന്നു. കൂടാതെ 110 നിയമസേവന ക്ലിനിക്കുകളും അതോറിറ്റി നടത്തിവരുന്നുണ്ട്. ഇതിനൊക്കെയായും താലൂക്കുകളിലെ ശമ്പളം നൽകുന്നതിനായും 34-മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തുന്നത് എന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തി. ഈ ശീർഷകത്തിൽ 756.72 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-92—പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.)

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പബ്ലിക് യൂട്ടിലിറ്റി സർവ്വീസിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് പെർമനന്റ് ലോക് അദാലത്തെന്നും, തിരുവനന്തപുരത്തും, എറണാകുളത്തും പി.എൽ.എ. പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞുവെന്നും കോഴിക്കോട് പി.എൽ.എ. യുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി ലഭിച്ചുവെന്നും അതിനാൽ, ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കണമെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

കോഴിക്കോട് ജില്ലയിൽ പി.എൽ.എ. തുടങ്ങുന്നതിനും തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ പി.എൽ.എ.കൾ കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 42.335 ലക്ഷം രൂപ ഇതിലേക്കായി അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ-സഹായധനം

മനുഷ്യാവകാശ കമ്മീഷനിൽ ലീഗൽ അസിസ്റ്റന്റുമാരുടേയും ചെയർപേഴ്സണിന്റെ പി.എ.യുടേയും ചില തസ്തികകൾ രൂപീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത ചെലവ് ഉൾപ്പെടെ 65 ലക്ഷം രൂപ അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യണമെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

കമ്മീഷനിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിലേക്കുള്ള നിയമന നടപടികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ ഇവരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി ഏകദേശം 40 ലക്ഷം രൂപയുടേയും കമ്മീഷൻ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടം സ്ഥലപരിമിതി കാരണം മാറാനുള്ള നടപടികൾ എടുത്തുവരുന്നതിനാൽ അതിലേക്ക് ഏകദേശം 25 ലക്ഷം രൂപയുടെയും അധിക ചെലവ് വരുമെന്ന് മനസ്സിലാക്കിയ സമിതി 65,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-116-99—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

99—വിവരസാങ്കേതികവിദ്യ

ട്രൈബ്യൂണലിൽ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വഴി കമ്പ്യൂട്ടറൈസേഷന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഫർണിച്ചർ, ഫോട്ടോകോപ്പിയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 4,90,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന —XIV

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാ സ്റ്റേഷനറി ഓഫീസ് സ്റ്റോറിനും വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനും പുതിയ കെട്ടിടം പണിയുന്നതിനും ആസ്ഥാന കാര്യാലയത്തിൽ പുതിയ വെയ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുമായി 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 90 ലക്ഷം രൂപ അപര്യാപ്ത മായതിനാലും കോഴിക്കോട് മേഖലാ ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചാണ് പുതിയത് പണിയുന്നത് എന്നതിനാലും ഇതിനായി 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ നടപടി ഉണ്ടാകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയോട് ആവശ്യപ്പെട്ടു.

ഈ ആവശ്യങ്ങളിലേക്കായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് ബോദ്ധ്യപ്പെട്ട സമിതി 30 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

സ്റ്റേഷനറി വകുപ്പിന് ആകെയുള്ള ഒരു കാർ പ്രവർത്തനക്ഷമമല്ലെന്നും, കൺട്രോളറുടെ ആവശ്യത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിനായി 8,00,000 രൂപ ആവശ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിന് 8,00,000 രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും അനുവദിച്ചിട്ടില്ലാത്തതിനാൽ ഇതിലേക്കായി 8,00,000 രൂപ അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രോപകരണങ്ങൾ

വിവിധ ഓഫീസുകളിൽ നിന്നും ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 10,00,000 രൂപ കൂടി ആവശ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച അതേ തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിലും അനുവദിച്ചിരിക്കുന്നത് എന്നും കമ്പ്യൂട്ടറുകൾ വ്യാപകമാകുന്നതോടെ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുമെങ്കിലും അവ വാങ്ങി നൽകുന്നത് പൂർണ്ണമായി നിർത്താൻ കഴിയുന്നതല്ലെന്നും ബോദ്ധ്യപ്പെട്ട സമിതി വിവിധ ആഫീസുകളിലേക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകേണ്ടതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈയിനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

സർക്കാർ ഓഫീസുകളിലേക്കും മറ്റും സ്റ്റേഷനറി ഐറ്റംസ് വാങ്ങുന്നതിനായി 2012-13 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും ഈ ഇനത്തിൽ 8.61 കോടി രൂപ കൂടി അധികമായി ആവശ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2011-12-ലേക്ക് 24 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ട സ്ഥാനത്ത് 18.15 കോടി രൂപ മാത്രമായി പരിമിതപ്പെടുത്തിയത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ഗവൺമെന്റ് പ്രസ്സുകൾക്കാവശ്യമായ പേപ്പർ ഇനങ്ങൾ, ഫോട്ടോകോപ്പിയിംഗ് പേപ്പർ എന്നിവ ആഫീസുകളുടെ ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യാൻ കഴിയാതെയും വന്നത് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കൂടാതെ പേപ്പർ, പൾപ്പ് ബോർഡ് എന്നിവയുടെ വിലയിലും എക്സൈസ് ഡ്യൂട്ടിയിലും ഇപ്പോൾത്തന്നെ വർദ്ധന വുണ്ടായിട്ടുണ്ട്. മേൽ കാരണങ്ങളാൽ 2012-13 വർഷത്തിൽ ബഡ്ജറ്റ് വിഹിതം ഉയർത്തിയില്ലായെങ്കിൽ സർക്കാർ പ്രസ്സുകളുടെ പ്രവർത്തനവും അതുവഴി മറ്റ് പ്രധാനപ്പെട്ട വകുപ്പുകളായ രജിസ്ട്രേഷൻ, ടാക്സസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 26.75 കോടി രൂപയിൽ ശേഷിക്കുന്ന 8.61 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

05-4—മറ്റിനങ്ങൾ

സർക്കാർ പ്രസ്സുകളിൽ അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന ഒരു വർക്ക് സ്റ്റഡി നടത്താൻ സർക്കാർ ഉത്തരവായിട്ടുണ്ടെന്നും അതിനായി 18,00,000 രൂപ ആവശ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

അച്ചടി വകുപ്പിന് കീഴിലുള്ള 11 പ്രസ്സുകളിൽ വർക്ക് സ്റ്റഡി നടത്തുന്നതിന് 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ വർക്ക് സ്റ്റഡി സംബന്ധമായ ജോലികൾ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന പൂർത്തിയാക്കുന്നതിനാവശ്യമായ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19—യന്ത്രോപകരണങ്ങൾ

സർക്കാർ ഡയറികൾ അച്ചടിക്കുമ്പോൾ കെയ്സ് ബയന്റിംഗ് നടത്തുന്നതിന് അച്ചടി വകുപ്പിൽ സംവിധാനമില്ലെന്നും അതിനാൽ ഔട്ട് സോഴ്സ് ചെയ്യുകയാണെന്നും അച്ചടി വകുപ്പിന് സ്വന്തമായി ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങിയാൽ സർക്കാർ ഡയറിയുടെ കെയ്സ് ബയന്റിംഗ് പ്രസ്സിൽ തന്നെ നടത്തി തികച്ചും ആധുനിക

രീതിയിൽ സമയബന്ധിതമായി ഡയറി പുറത്തിറക്കുന്നതിനും, പുറത്തു നൽകി ചെയ്യുന്നതുമൂലമുണ്ടാകുന്ന ചെലവ് ഒഴിവാക്കുന്നതിന് സാധിക്കുമെന്നും ഈ ആവശ്യത്തിനായി 20,00,000 രൂപ അധികമായി ആവശ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സർക്കാർ ഡയറികൾ കെയ്സ് ബയന്റിംഗ് നടത്തുന്നതിനുള്ള സംവിധാനം അച്ചടി വകുപ്പിൽ നിലവിലില്ലാത്തതിനാലും ഇപ്പോഴത്തെ രീതിയിൽ ഡയറിയുടെ കവർ പുറമേനിന്നും വാങ്ങുന്നതിന് പ്രതിവർഷം ഏകദേശം 15 ലക്ഷം രൂപ ചെലവ് വരുന്നതിനാലും അച്ചടി വകുപ്പിൽ ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXIII—വാർത്താ വിതരണവും പ്രചരണവും

2220-60-101-97—<u>പരസ്യത്തിനുള്ള ചെലവുകൾ</u>

പരസ്യത്തിനുള്ള ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ നടപ്പു വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-99—<u>പ്രദർശനവും പരസ്യവും</u>

ഈ സാമ്പത്തിക വർഷം ഈ ഹെഡ്ഡിൽ 2 കോടി രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നതെന്നും മാധ്യമങ്ങൾക്ക് 17 കോടി രൂപയുടെ കുടിശ്ശിക ഇനിയും നൽകാനുള്ളതിനാൽ, ഈ ശീർഷകത്തിൽ 30 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ദിനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെയുള്ള പ്രദർശനപരസ്യങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ചെലവ് ഇലക്ട്രോണിക് മാധ്യമങ്ങൾക്കുള്ള പരസ്യചാർജ്ജും പരസ്യം തയ്യാറാക്കി നൽകുന്നതിന് പരസ്യ ഏജൻസിക്ക് നൽകേണ്ടണ്ട തുകയും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നടപ്പുവർഷം വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഡിസ്പ്ളേ പരസ്യക്കൂലി ഇനത്തിൽ 17 കോടി രൂപയുടെ കുടിശ്ശിക മാധ്യമങ്ങൾക്ക് നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 30 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ അറിയിക്കുന്നതിനും സർക്കാരിന്റെ നയപരിപാടികൾ പ്രചരിപ്പിക്കുന്നതിനുമായി ഒരു മീഡിയ സിറ്റി തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും സർക്കാർ ഉടമസ്ഥതയിൽ ഒരു ടി.വി. ചാനൽ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും അനുവദിക്കണമെന്ന് കൂടി ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-106-98—പ്രദർശനം

നടപ്പു സാമ്പത്തിക വർഷത്തിൽ ജില്ലകളിലും തലസ്ഥാനത്തും വികസനം സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ളിക്ദിന പരേഡിൽ ടാബ്ളോ അവതരണവും സംഗീതാവതരണം എന്നിവ സംഘടിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നതിനാൽ 2012-13 വർഷം ഇതിനായി വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXIV—തൊഴിലും തൊഴിലാളിക്ഷേമവും

2230-01-103-41—വിദേശത്തുവച്ച് മരണമടയുന്നവരുടെ മൃതദേഹം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ധനസഹായം

കേരളത്തിന് പുറത്ത് മരണമടയുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനോടനുബന്ധിച്ച ചെലവുകൾക്ക് പ്രത്യേക ധനസഹായം വ്യവസ്ഥ ചെയ്യുന്ന ഈ പദ്ധതി, വകുപ്പിന് കീഴിൽ തുടർന്നുവരുന്ന പ്രധാന പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതിയുടെ കീഴിൽ ചെലവ് വരുന്ന തുക മുൻകൂട്ടി കണക്കാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇതിനായുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത യോഗത്തിൽ പി.എസ്.സി. സെക്രട്ടറി ഹാജരാകാത്തതിനാൽ പി.എസ്.സി. യുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ പരിശോധന സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുവാൻ സമിതി തീരുമാനിച്ചു. യോഗത്തിൽ പി.എസ്.സി. സെക്രട്ടറി ഹാജാരാകാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സമിതി മുൻപാകെ ഹാജരായി ഇതിനുള്ള വിശദീകരണം നൽകുന്നതിനായി നിർദ്ദേശം നൽകാൻ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

സമിതിയോഗം രാവിലെ 11.55-ന് പിരിഞ്ഞു.

## 2012 മേയ് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2012 മേയ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനും പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ

തഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ,, കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ.
3. ,, ബെന്നി ബെഹനാൻ, എം.എൽ.എ.
4. ,, സി. ദിവാകരൻ, എം.എൽ.എ.
5. ,, മാത്യു റ്റി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി.
2. ,, റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
2. ശ്രീ. പി. സി. ബിനോയ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
3. ശ്രീ. എസ്. വർദ്ധനൻ, കൺട്രോളർ ഓഫ് ഫിനാൻസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
4. ശ്രീ. ബി. എസ്. രമേഷ്, പബ്ലിക്കേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

4-5-2012 തീയതിയിലെ യോഗതീരുമാനപ്രകാരം പിന്നീട് പരിഗണിക്കുവാനായി മാറ്റിവച്ച 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുത്ത 4-5-2012-ലെ സമിതി യോഗത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ആരും ഹാജരാകാത്തതിൽ പി.എസ്.സി. സെക്രട്ടറിയോട് സമിതി വിശദീകരണം ആവശ്യപ്പെട്ടു. 4-5-2012-ലെ യോഗവിവരം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും അറിയിപ്പ് ലഭിക്കാത്തതിനാലാണ് യോഗത്തിൽ ഹാജാരാകാതിരുന്നത് എന്ന് പി.എസ്.സി. സെക്രട്ടറി അറിയിക്കുകയും യോഗവിവരം അറിയിക്കുന്നതിൽ വകുപ്പുതലത്തിൽ വീഴ്ച പറ്റിയതായി പൊതുഭരണവകുപ്പ് സെക്രട്ടറി സമ്മതിക്കുകയും ചെയ്തു.

പി.എസ്.സി.യുടെ ഭാഗത്തുനിന്നും ലഭിച്ച വിശദീകരണം തൃപ്തികരമായി കണ്ടതിനാൽ സമിതി അംഗീകരിച്ചു. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിൽ ശ്രദ്ധചെലുത്തണമെന്ന് പി.എസ്.സി.യെ ഓർമ്മപ്പെടുത്തിയ സമിതി തുടർന്ന് പി.എസ്.സി.യുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുംപ്രകാരം ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2051-00-102-99—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

04—യാത്രാച്ചെലവ്

2012-13 വർഷത്തിൽ ഏകദേശം 35 ലക്ഷത്തിനുപുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികയിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളുടെ പരീക്ഷകളും ഈ സാമ്പത്തികവർഷത്തിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യാത്രാച്ചെലവിനത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള പ്രതിഫലം (പി.പി.എസ്.എസ്.)

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടുള്ള തസ്തികകളുടെ പരീക്ഷ ഈ വർഷം നടക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതിനാൽ ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

2012-13 സാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൽ 1,30,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2011-12-ൽ ഈയിനത്തിൽ ചെലവായത് ഏകദേശം 2,50,00,000 രൂപയാണ്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ ഈ വർഷം നടത്തുവാനുണ്ട്. വിവിധ സ്കൂളുകളിൽവച്ച് നടത്തപ്പെടുന്ന പ്രസ്തുത പരീക്ഷകളുടെ നടത്തിപ്പിനായി ഒരു ഉദ്യോഗാർത്ഥിക്ക് 2 രൂപ നിരക്കിൽ ഓരോ സ്കൂളിനും നൽകേണ്ടതുണ്ട്. കൂടാതെ ഡ്രൈവർ മുതലായ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രാക്ടിക്കൽ പരീക്ഷയും നടത്തേണ്ടതുണ്ട്. ഇതിനെല്ലാംകൂടി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടും 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണനയ്ക്കെടുത്തു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചിട്ടുള്ള കരട് റിപ്പോർട്ട്, പി.എസ്.സി.യുമായി ബന്ധപ്പെട്ട് സമിതി നൽകിയിട്ടുള്ള മേൽപ്പറഞ്ഞ ശുപാർശകൾ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെയും ആനുകാലിക റിപ്പോർട്ട് ഭേദഗതി കൂടാതെയും സമിതി അംഗീകരിച്ചു.

സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 2012 ജൂൺ 12- ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV 2012 ജൂൺ 12-ാം

തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും  സന്നിഹിതരായിരുന്നു :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. „ കോടിയേരി ബാലകൃഷ്ണൻ
3. „ ബെന്നി ബെഹനാൻ
4. „ സി. ദിവാകരൻ
5. „ പി. സി. ജോർജ്
6. „ മാത്യു റ്റി. തോമസ്
7. „ തേറമ്പിൽ രാമകൃഷ്ണൻ
8. „ രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
2. „ റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
2. „ കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീമതി എലിസബത്ത് കോശി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

ഉച്ചയ്ക്കുശേഷം  12.15-ന് സമിതി യോഗം പിരിഞ്ഞു.

## 2012 ജൂലൈ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 ജൂലൈ മാസം 4-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.40 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രത്യേക ക്ഷണിതാവായ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും ഹാജരായ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ,, സി. ദിവാകരൻ
3. ,, പി. സി. ജോർജ്
4. ,, തേറമ്പിൽ രാമകൃഷ്ണൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ടി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. എം. ഗിരീഷ് കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റൂൾസ്) ധനകാര്യ വകുപ്പ്
5. ശ്രീമതി സി. പ്രേമം, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ഡി. സാജു, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. റ്റി. വസന്തകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. പി. എ. റോയി, അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്
10. ശ്രീമതി എസ്. സുഖി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
11. ശ്രീ. പി. ജെ. വിൻസന്റ്, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്.

(എ) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതത് കരട് ചട്ടങ്ങളുടെ ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**പാർലമെന്ററികാര്യ വകുപ്പ്.**

1. The Kerala Payment of Pension to Members of Legislature (Amendment) Rules, 2011 (Amendment to Rule 8(1) of the Kerala Payment of Pension to Members of Legislature Rules, 1977).

   (Letter No. 2289/A2/11/PAD. dated 21-12-2011)

   (File No. 157/Sub.C.D2/2011/Leg.)

   Rule 1(1) shall be amended as follows:—

   "These rules may be called the Kerala Payment of Pension to Members of Legislature (Amendment) Rules, 2012".

2. The Kerala Legislative Assembly Members (Free Transit) Amendment Rules, 2012.

   [Amendment to Rule 3 of the Kerala Legislative Assembly Members (Free Transit) Rules, 2005]

   (Letter No. 1007/A2/12/PAD dated 18-6-2012)

   (File No. 3223/Sub.C.D2/2012/Leg.)

   ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

3. The Kerala Legislative Assembly–Ex-Members (Free Transit) Amendment Rules, 2012.

   [Amendment to Rule 3 of the Kerala Legislative Assembly Ex-Members (Free Transit) Rules, 2009]

   (Letter No. 1008/A2/12/PAD. dated 18-6-2012)

   (File No. 3224/Sub.C.D2.2012/Leg.)

   ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

4. The Kerala Payment of Pension to Members of Legislature (Amendment) Rules, 2012.

   (Substitution of the forms for application of pension and order for granting the pension)

   (Letter No. 922/A2/12/PAD dated 18-6-2012)

   (File No. 3225/Sub.C.D2/2012/Leg.)

Rule 1 (1) shall be amended as follows:—

"These rules may be called the Kerala Payment of Pension to Members of Legislature (Second Amendment) Rules, 2012.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

1. The Kerala Government Servant's Application for posts (Private Employment and Government Service) Amendment Rules, 2011 [Amendment to sub-rule (2) (a) of rule 2 (A) in the Kerala Government Servant's Application for posts (Private Employment and Government Service) Rules, 1958].

(Letter No. 1200/C1/2009/P&ARD dated 23-12-2011)

(File No. 6407/Sub.C.D2/2011/ലെജി.)

Rule 1 (1) shall be amended as follows:—

